# സോഷ്യലിസത്തിലേക്കുള്ള ബ്രിട്ടീഷ് പാതയിൽ സഖാവ് സ്റ്റാലിന്

ജെ.വി.സ്റ്റാലിൻ
(ഉയർന്ന രഹസ്സ്യസ്വഭാവമുള്ളത്-പകർപ്പ്)

കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇംഗ്ലണ്ടിന്റെ സിസി ജനറൽ സെക്രട്ടറി ഹാരി പോളിറ്റ് താങ്കൾക്ക്
അയച്ച കത്തിൽ, ചികിത്സയ്ക്കായി സോവിയറ്റ് യൂണിയനിൽ പോയിരുന്ന ഹാരി പോളിറ്റ്, വരുന്ന പാർലമെന്റിലേക്കുള്ള തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തന്ത്രങ്ങളെക്കുറിച്ച് ഉപദേശം അഭ്യർത്ഥിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അത് നടപ്പുവർഷത്തിൽ നടന്നേക്കാം.

വരുന്ന തെരഞ്ഞെടുപ്പുകളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അടിസ്ഥാനപരമായതും തന്ത്രപരമായതുമായതുമായ കടമ യാഥാസ്ഥിതികരുടെ വിജയം തടയുക എന്നതായിരിക്കണം എന്നാണ് എച്ച് പോളിറ്റിന്റെ അഭിപ്രായം.

ഈ തെരഞ്ഞെടുപ്പുകളിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അതിന്റെ സ്ഥാനാർത്ഥികളുടെ എണ്ണം കുറയ്ക്കണമെന്ന് എച്ച്. പോളിറ്റ് എഴുതുന്നു (ഈ വർഷം ഫെബ്രുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി 100 സ്ഥാനാർത്ഥികളെ മുന്നോട്ട് വെച്ചു); ലേബർ പാർട്ടിയുടെ സ്ഥാനാർത്ഥികളും ലേബർ പാർട്ടിയുടെ നേതാക്കളും മത്സരിക്കാത്തതുമായ ഇടത്ത് ലേബർ സ്ഥാനാർത്ഥികൾക്ക് വോട്ട് ചെയ്യാൻ ഇലക്ടറോട് ശുപാർശ ചെയ്യാനും നിർദ്ദേശിച്ചിരിക്കുന്നു.

അങ്ങനെ ചെയ്യുമ്പോൾ, ഇംഗ്ലണ്ടിലെ തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെ  (വേതനം മരവിപ്പിക്കൽ എടുത്തുകളയുന്നത് ;സോവിയറ്റ് യൂണിയനുമായുള്ള വ്യാപാര വികസനം; ആണവായുധങ്ങളുടെ നിരോധനം മുതലായ) പ്രധാന ആവശ്യങ്ങളെ പിന്തുണയ്ക്കാൻ ലേബർ പാർട്ടി സ്ഥാനാർത്ഥിയുടെ മുമ്പാകെ ഒരു ആവശ്യം വയ്ക്കണം.
എച്ച്. പോളിറ്റ് ഉന്നയിച്ച ചോദ്യങ്ങളുമായി ബന്ധപ്പെട്ട്, വിദേശന യ കമ്മീഷൻ സഖാവ് സുസ്ലോവ് അദ്ദേഹത്തിന് നൽകേണ്ട മാർഗ്ഗനിർദ്ദേശം മുന്നോട്ട് വയ്ക്കുന്നു. എച്ച്. പോളിറ്റിനെ സ്വീകരിക്കുകയും തന്റെ കത്തിൽ അദ്ദേഹം ഉന്നയിച്ച

ചോദ്യങ്ങളെക്കുറിച്ച് CC AUCP (b) യുടെ ഇനിപ്പറയുന്ന അഭിപ്രായം നൽകുകയും ചെയ്യണം:

(എ) 1950-ലെ ശരത്കാലത്തിൽ പാർലമെന്റിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ കാര്യത്തിൽ, സി.പി.യുടെ തിരഞ്ഞെടുപ്പിന് മുമ്പുള്ള പരിപാടിയിലെന്നപോലെ, തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ മുഴുവൻ നടത്തിപ്പിലും കാര്യമായ വ്യത്യാസമൊന്നുമില്ലെന്ന് വ്യാപകമായി വിശദീകരിക്കേണ്ടത് അനിവാര്യമാണ്. തൊഴിലാളിവർഗത്തിന്റെ രാഷ്ട്രീയവും യാഥാസ്ഥിതികരും തമ്മിലുള്ള രാഷ്ട്രീയപേരാട്ടം, മറുകക്ഷിയുടെ രാഷ്ട്രീയശക്തികളുമായുള്ള പേരാട്ടം ഒരു പുതിയ യുദ്ധത്തിനുള്ള തയ്യാറെടുപ്പിലേക്ക് നയിക്കപ്പെടുന്നു, തൊഴിലാളിവർഗത്തിന്റെയും എല്ലാ തൊഴിലാളികളുടെയും ജീവിതനിലവാരത്തിന് നേരെയുള്ള ആക്രമണവും സൈനിക ചെലവുകളുടെ വലിയ ഭാരവും അവരിലടിച്ചേല്പ്പിച്ച് രാഷ്ട്രീയമായികീഴടങ്ങി ലേബർ ഗവൺമെന്റ് അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ താൽപ്പര്യങ്ങൾക്കായി നിലകൊള്ളുന്നു.

ഈ സാഹചര്യത്തിൽ പാർലമെന്റിലേക്കുള്ള ലേബർ സ്ഥാനാർത്ഥികളെ കമ്മ്യൂണിസ്റ്റ് പാർട്ടി പിന്തുണയ്ക്കുന്നില്ല:

(ബി)) കമ്മ്യൂണിസ്റ്റ് പാർട്ടി പാർലമെന്റ് തിരഞ്ഞെടുപ്പിനെ സമാധാനത്തിനായുള്ള വിശാലവും സജീവവുമായ പോരാട്ടം നടത്താനും,പുതിയ യുദ്ധഭീഷണിക്കെതിരായ പോരാട്ടം അവരുടെ തിരഞ്ഞെടുപ്പ് വേദിയുടെ അടിത്തറയായി സ്ഥാപിക്കാനും ഉപയോഗിക്കണം. സമാധാനം സംരക്ഷിക്കുന്നതും,ഒരു പുതിയ യുദ്ധത്തിന്റെ ഭീഷണിയെക്കുറിച്ചുള്ള ചോദ്യവും ഇംഗ്ലണ്ടിലെ തൊഴിലാളികളുടെയും മറ്റ് അധ്വാനിക്കുന്നവരുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പോരാട്ടവുമായി അടുത്ത ബന്ധമുള്ളതായിരിക്കണം, വേതനം മരവിപ്പിക്കുന്നതിനെതിരെ, ഭവന പ്രതിസന്ധിയുടെ പരിഹാരത്തിനായും,നേരത്തെയുള്ള തെരഞ്ഞെടുപ്പുകളെ അപേക്ഷിച്ച് സ്ത്രീകൾക്കും പുരുഷന്മാർക്കും ജോലിക്ക് തുല്യ വേതനം നൽകുന്നതിനുമുള്ള പേരാട്ടത്തിന്റെ വേദിയായി ഇതിനെ ഇപയോഗിയ്ക്കണം.

(സി) തെരഞ്ഞെടുപ്പുകളിൽ സി.പി യുടെ സ്വതന്ത്ര ലൈൻ നിലനിർത്തുന്നതിനും ലേബർ, യാഥാസ്ഥിതിക(കൺസ്സർവേറ്റീവ്) പാർട്ടികളുടെ പരിപാടിയിൽ നിന്ന് അതിനെ വേർതിരിച്ചു കാട്ടുന്നതിനു വേണ്ടി, കമ്മ്യൂണിസ്റ്റ് പാർട്ടി നിരവധി

തിരഞ്ഞെടുപ്പ് മണ്ഡലങ്ങളിലും പലയിടത്തും സ്വന്തം സ്ഥാനാർത്ഥികളെ മത്സരിപ്പിക്കണം. എന്നൽ മുൻ തെരഞ്ഞെടുപ്പുകളെ അപേക്ഷിച്ച് കുറഞ്ഞ സംഖ്യയിൽ മതിയാകും മത്സരിക്കുന്നത്.

കൺസർവേറ്റീവ് പാർട്ടിയുടെയും ലേബർ പാർട്ടിയുടെയും നേതാക്കൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന മണ്ഡലങ്ങളിൽ കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥികളെ മത്സരിപ്പിക്കണം., തൊഴിലാളി രാഷ്ട്രീയത്തിന്റെ സത്ത തുറന്നുകാട്ടാൻ സി.പി യുടെ സ്ഥാനാർത്ഥികളുടെ സാന്നിധ്യം ഉപയോഗിയ്ക്കണം..

കമ്മ്യൂണിസ്റ്റുകൾക്കും മറ്റ് പുരോഗമന ശക്തികൾക്കും കാര്യമായ സ്വാധീനമുള്ള മേഖലകളിൽ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രത്യേക ശ്രദ്ധ ചെലുത്തണം, അങ്ങനെ കുറച്ച് മണ്ഡലങ്ങളിൽ നിന്ന് ആയാൽ പോലും കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥികൾ പാർലമെന്റിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നതിലേയ്ക്കായി ശ്രമിക്കണം.

(ഡി) സി.പി തങ്ങളുടെ സ്ഥാനാർത്ഥികളെ മത്സരിപ്പിക്കാത്ത മണ്ഡലങ്ങളിൽ, പാർലമെന്റിലേയ്ക്ക് കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥികളെ പിന്തുണയ്ക്കാൻ ലേബർ പാർട്ടി പ്രതിജ്ഞാബദ്ധത പ്രകടിപ്പിക്കുന്ന വ്യവസ്ഥയിൽ അവർ ലേബർ സ്ഥാനാർത്ഥികൾക്ക് പിന്തുണ പ്രഖ്യാപിക്കണം.

2

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഈ നിർദ്ദേശം ലേബർ പാർട്ടി നിരസിച്ച സാഹചര്യത്തിൽ, സമാധാനത്തിനായി പോരാടാനും ഒരു പുതിയ യുദ്ധത്തിന്റെ അപകടങ്ങൾക്കെതിരെ സംസാരിക്കാനും, നിരോധനത്തിനുള്ള ആവശ്യത്തെ പിന്തുണയ്ക്കാനും ലേബർ സ്ഥാനാർത്ഥികളുടെ മുന്നിലായി വോട്ടർമാരുടെ പേരിൽ ഒരു ആവശ്യം മുന്നോട്ട് വയ്ക്കണം. സോവിയറ്റ് യൂണിയൻ, പീപ്പിൾസ് ഡെമോക്രസി രാജ്യങ്ങൾ, ഡെമോക്രാറ്റിക് ചൈന എന്നിവയുമായുള്ള മെച്ചപ്പെട്ട ബന്ധത്തിനായി, തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പോരാടുന്നതിന്, ആണവായുധങ്ങൾ ആദ്യം ഉപയോഗിക്കുന്ന രാജ്യത്തെ ഒരു യുദ്ധക്കുറ്റവാളിയായി യുദ്ധവെറികാട്ടുന്ന ഗവൺമെന്റായി പ്രഖ്യാപിക്കുന്നത് എന്നിവയാകണം ഉന്നയിക്കേണ്ട വിഷയങ്ങൾ.

ലേബർ സ്ഥാനാർത്ഥി ഈ നിർദ്ദേശങ്ങൾ സ്വീകരിക്കാൻ വിസമ്മതിക്കുകയാണെങ്കിൽ, അത്തരമൊരു സ്ഥാനാർത്ഥിയെ പിന്തുണയ്ക്കാൻ നാം വിസമ്മതിക്കണം.

(ഇ) സമാധാന സംരക്ഷണം, ആണവായുധങ്ങളുടെ നിരോധനം, സോവിയറ്റ് യൂണിയനുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള പോരാട്ടം, ജീവിത നിലവാരം മെച്ചപ്പെടുത്തൽ തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അധ്വാനിക്കുന്ന ജനങ്ങൾ സ്വതന്ത്ര തൊഴിലാളികളെ (പ്ലാറ്റ്സ്-മില്ലു്, പ്രിറ്റ് മുതലായ സോവിയറ്റിനെ അനുകൂലിക്കുന്നവരെ) സി.പി പിന്തുണയ്ക്കണം. (ശമ്പള വർദ്ധനവ്, ഭവന വ്യവസ്ഥകൾ മെച്ചപ്പെടുത്തൽ, ഇംഗ്ലണ്ടിലെ ഭരണ വൃത്തങ്ങളുടെ അമേരിക്കൻ അനുകൂല രാഷ്ട്രീയത്തെ അപലപിക്കൽ മുതലായവയാണ് ഉന്നയിക്കേണ്ട ആവശ്യങ്ങൾ.;)

(എഫ്) കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥികൾ, സ്വതന്ത്ര തൊഴിലാളികൾ, തൊഴിലാളികളുടെ ജനാധിപത്യ ആവശ്യങ്ങൾ പിന്തുണയ്ക്കാൻ പ്രതിജ്ഞാബദ്ധരായ തൊഴിലാളികൾ എന്നിവരുള്പ്പെടുന്ന വോട്ടറന്മാരെ പിന്തുണയ്ക്കുന്നതിന് അടിസ്ഥാന ട്രേഡ് യൂണിയനുകളുമായും സഹകരണ സംഘടനകളുമായും ലേബർ പാർട്ടിയുടെ സംഘടനകളുമായും തിരഞ്ഞെടുപ്പ് സഖ്യത്തിന് ശ്രമിക്കേണ്ടത് ആവശ്യമാണ്.

പാർലമെന്റിലേകേകുള്ള തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ വിജയകരമായ നടത്തിപ്പിനും ഇംഗ്ലണ്ടിലെ സി.പി യുടെ മുന്നിലുള്ള ഏറ്റവും പ്രധാനപ്പെട്ട ചുമതലകൾ നിറവേറ്റുന്നതിനുമുള്ള ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥ, വിപുലമായ രാഷ്ട്രീയ, സംഘടനാ പ്രവർത്തനങ്ങളിലേക്കുള്ള പാർട്ടിയുടെ നിർണായക വഴിത്തിരിവാണ് ജനങ്ങൾക്കിടയിൽ, പരിഷ്ക്കരണ വാദത്തിന്റെ അവശിഷ്ടങ്ങൾക്കെതിരായ പോരാട്ടം ശക്തിപ്പെടുത്തുക, ട്രേഡ് യൂണിയൻ സംഘടനകളുമായുള്ള ബന്ധം ശക്തിപ്പെടുത്തുക, പാർട്ടിയുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി ബഹുജനങ്ങളുടേയും പ്രാഥമിക പാർട്ടി സംഘടനകളുടെയും പാർട്ടി മാധ്യമങ്ങളുടെയും പ്രവർത്തനങ്ങളുടെ നിർണായക പുനഃസംഘടന നടത്തുക എന്നീകാര്യങ്ങൾ ചെയ്യുക എന്നത്.

നിങ്ങളുടെ മാർഗ്ഗം ആരായുക

അനെക്സ്. എച്ച്. പോളിറ്റിൽ നിന്നുള്ള കത്ത്.

ഫോറിൻ പൊളിറ്റിക്കൽ കമ്മീഷൻ ചെയർമാൻ, CC,VCP(b)
(ഒപ്പിട്ടത്) 23 മെയ് 1950
കോപ്പികൾ സഖാക്കൾക്ക് അയച്ചു:
മാലെൻകോവ്, മൊളോടോവ്,ബെരിയ,മിക്കോയൻ,കഗനോവിച്ച്
ബുല്ഗാനിൻ
നമ്പർ 25-എസ്-849
RGASPI, Fond 558, Opis 11, Delo 287, Listy 22-24.
(ബി.ഗ്രിഗോറിയൻ)

xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx

1950 മെയ് 31-ന് സഖാക്കൾ സ്റ്റാലിനും എച്ച്. പോളിറ്റും
തമ്മിലുള്ള കൂടിക്കാഴ്ച്ച
സന്നിഹിതരായിരുന്ന മറ്റുള്ളവർ:
സ. മാലെൻകോവ്, പാവ്ലോവ് (വ്യാഖ്യാതാവ്).

3

29 വർഷങ്ങൾക്ക് മുമ്പ് സഖാവ് സ്റ്റാലിൻ ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭാവി സെക്രട്ടറിയെ കാണണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചപ്പോഴാണ് താൻ ആദ്യമായി സഖാവിനെ കണ്ടതെന്ന് പോളിറ്റ് പറയുന്നു.
സഖാവ് സ്റ്റാലിൻ ഇത് ഓർക്കുന്നുവെന്നും പോളിറ്റിനോട് എന്താണ് ചോദിക്കുനുദ്ദേശിക്കുന്നതെന്നും ഉത്തരം നൽകുന്നു.

പാർലമെന്റിലേക്കുള്ള വരാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകളുടെ തന്ത്രങ്ങളെക്കുറിച്ചുള്ള തന്റെ താൽപ്പര്യമുള്ള ചോദ്യങ്ങൾ സിസി എയുസിപി(ബി) സിക്ക് അയച്ച കത്തിൽ വിശദമായി അയച്ചിട്ടുണ്ടെന്ന് പോളിറ്റ് പറയുന്നു.പൊളിറ്റിന്റെ കത്ത് കിട്ടിയെന്ന് സഖാവ് സ്റ്റാലിൻ പറയുന്നു. അദ്ദേഹം, സഖാവ് സ്റ്റാലിൻ, പാർലമെന്റിലേക്കുള്ള വരാനിരിക്കുന്ന തിരഞ്ഞെടുപ്പിനായി ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകളുടെ തന്ത്രങ്ങളെക്കുറിച്ചുള്ള പോളിറ്റിന്റെ നിലപാട് ശരിയാണെന്ന് കരുതുന്നു.

സാധ്യമായിടത്തോളം യാഥാസ്ഥിതികരുടെ വിജയം അനുവദിക്കാതിരിക്കേണ്ടത് ആവശ്യമാണെന്ന് സഖാവ് സ്റ്റാലിൻ പറയുന്നു. കൺസർവേറ്റീവുകളേക്കാൾ അൽപ്പം മെച്ചമാണെങ്കിലും തീർച്ചയായും ലേബർ പാർട്ടി മികച്ചതാണ്. എന്നിരുന്നാലും,

ഇംഗ്ലണ്ടിലെ തൊഴിലാളിവർഗം ഒരു ലേബർ ഗവൺമെന്റിനെ അവരുടെ സർക്കാരായി കണക്കാക്കുന്നു.
ഡംബാർടണിൽ തിരഞ്ഞെടുപ്പ് നടന്നോ?,എന്നും കമ്മ്യൂണിസ്റ്റുകാർ ഏതെങ്കിലും സ്ഥാനാർത്ഥിയെ തെരഞ്ഞെടുപ്പിൽ നിർത്തിയിട്ടുണ്ടോ?, എന്നും സഖാവ് സ്റ്റാലിൻ ചോദിക്കുന്നു. ഡംബാർടണിലെ ഉപതിരഞ്ഞെടുപ്പ് ഇതിനകം നടന്നിട്ടുണ്ടെന്ന് പോളിറ്റ് ഉത്തരം നൽകുന്നു. ഈ തെരഞ്ഞെടുപ്പുകളിൽ കമ്മ്യൂണിസ്റ്റ് പാർട്ടി തങ്ങളുടെ സ്ഥാനാർത്ഥികളെ മുന്നോട്ട് വച്ചില്ല, അതിനാൽ യാഥാസ്ഥിതിക സ്ഥാനാർത്ഥി വിജയിക്കാൻ അനുവദിക്കുന്ന രീതിയിൽ വോട്ടുകളുടെ വിഭജനം ഉണ്ടാകരുത്. ഡംബാർടണിലെ തെരഞ്ഞെടുപ്പിൽ സേബറൈറ്റ്സ്-ലേബർപ്പാർട്ടി വിജയിച്ചു.

സ്ഥാനാർത്ഥിക്ക് തുല്യ വോട്ടുകൾ ലഭിച്ചിരുന്നെങ്കിൽ വീണ്ടും തിരഞ്ഞെടുപ്പ് നടക്കുമായിരുന്നോ എന്ന് സഖാവ് സ്റ്റാലിൻ ചോദിക്കുന്നു.പ്രധാന തിരഞ്ഞെടുപ്പിൽ തിരഞ്ഞെടുക്കപ്പെട്ട സ്ഥാനാർത്ഥി മരണപ്പെട്ടാൽ വീണ്ടും തിരഞ്ഞെടുപ്പ് നടത്തുമെന്ന് പോളിറ്റ് ഉത്തരം നൽകുന്നു. ഇംഗ്ലണ്ടിലെ ഭൂരിപക്ഷ തിരഞ്ഞെടുപ്പ് സമ്പ്രദായം, ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾക്ക് അങ്ങേയറ്റം പ്രതികൂലമാണെന്ന് പോളിറ്റ് നിരീക്ഷിക്കുന്നു.
ഫ്രാൻസിലെ വലതുപക്ഷ പാർട്ടികൾ ഇപ്പോൾ ഫ്രാൻസിൽ സമാനമായ ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനായി സമരം നടത്തുകയാണ്.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യാഥാസ്ഥിതികർക്ക്(കൺസർവേറ്റീവുകൾക്ക്) ഇത്രയധികം വോട്ടുകൾ സമാഹരിക്കാൻ കഴിഞ്ഞുവെന്ന വസ്തുത വിശദീകരിക്കുന്ന, കാണാവുന്നതും എന്നാൽ പുറത്ത് നിന്ന് ശ്രദ്ധിക്കപ്പെടാത്തതുമായ ചില പ്രക്രിയകൾ ഇംഗ്ലീഷ് തൊഴിലാളിവർഗത്തിനുള്ളിൽ നടക്കുന്നുണ്ടെന്ന് സഖാവ് സ്റ്റാലിൻ പറയുന്നു.

ഇംഗ്ലീഷ് വോട്ടർമാരിൽ നടക്കുന്ന പ്രക്രിയകൾ പുറത്തുനിന്നുള്ള ഒരു നിരീക്ഷകനും നിരീക്ഷിക്കാനാകാത്തവിധം വിശദീകരിക്കാൻ, സഖാവ് സ്റ്റാലിൻ, 1945 ലെ ഇംഗ്ലണ്ടിലെ തിരഞ്ഞെടുപ്പ് ഫലങ്ങൾ ചർച്ചിലിനും ഈഡനും അതുപോലെ ആറ്റ്ലിക്കും ബെവിനും  അപ്രതീക്ഷിതമായിരുന്നു എന്ന വസ്തുത ഉദ്ധരിക്കുന്നു. വോട്ടർമാരുടെ മാനസികാവസ്ഥയെക്കുറിച്ച് പാർട്ടി നേതൃത്വത്തെ അറിയിക്കാൻ തൊഴിലാളികൾക്കും യാഥാസ്ഥിതികർക്കും ഒരു സംവിധാനം ഉണ്ട്. 1945-ലെ

തിരഞ്ഞെടുപ്പിലെ തന്റെ വിജയത്തെക്കുറിച്ച് ചർച്ചിൽ ആത്മവിശ്വാസം പ്രകടിപ്പിച്ചു, ലേബറൈറ്റ്സുകളുടെ വിജയം ആറ്റ്ലി പ്രതീക്ഷിച്ചിരുന്നില്ല. ആ സംവിധാനം നൽകുന്ന വിവരങ്ങൾ അവരെ നിരാശരാക്കി. പ്രത്യക്ഷത്തിൽ 1945-ൽ വോട്ടർമാരുടെ മാനസികാവസ്ഥയിൽ ചില മറഞ്ഞിരിക്കുന്ന ആന്തരിക പ്രക്രിയകൾ നടന്നു, അതിന്റെ ഫലമായി ലേബറൈറ്റ്സുകൾ-ലേബർപാർട്ടി അപ്രതീക്ഷിതമായി വിജയിച്ചു. ഇക്കാലത്തും ബ്രിട്ടീഷ് തൊഴിലാളിവർഗത്തിന്റെ മാനസികാവസ്ഥയിൽ ചിലത് സംഭവിക്കുന്നുണ്ട്.

1945-ൽ ലേബറൈറ്റ്സുകളുടെ വിജയം ആരും പ്രതീക്ഷിച്ചിരുന്നില്ലെന്ന് പോളിറ്റ് ഉത്തരം നൽകുന്നു, കാരണം വിഷാദത്തിന്റെ കഠിനമായ വർഷങ്ങളിലൂടെ ജീവിച്ച ദശലക്ഷക്കണക്കിന് ഇംഗ്ലീഷ് തൊഴിലാളികളിൽ നിന്ന് ഓരോ തൊഴിലാളിയും കൺസർവേറ്റീവുകൾ അധികാരത്തിലിരുന്നപ്പോൾ, അവർ അധികാരത്തിൽ വരാതിരിക്കാൻ
സ്വയം ഒരു തീരുമാനമെടുത്തു.

സഖാവ് സ്റ്റാലിൻ അഭിപ്രായപ്പെടുന്നത് തൊഴിലാളികളുടെ നേതാക്കൾക്കോ യാഥാസ്ഥിതികർക്കോ ഇത് മനസ്സിലാക്കാൻ കഴിഞ്ഞില്ല എന്നാണ്.നേതാക്കൾ ഇംഗ്ലീഷ് ജനതയുമായി സമ്പർക്കം തുടരാത്തതിനാലാണ് ഇത് സംഭവിച്ചതെന്ന് പോളിറ്റ് ഉത്തരം നൽകുന്നു.

അതുപോലെ, യുദ്ധകാലത്ത് ഇംഗ്ലണ്ടിലെ അധ്വാനിക്കുന്ന ജനങ്ങൾ ബോംബ് ഷെൽട്ടറുകളിലും മെട്രോയിലും കഴിയുമ്പോഴും വിഷയ. ങ്ങൾ പരസ്യമായി സംസാരിച്ചു, അവിടെ അവർ ബോംബിംഗിൽ നിന്ന് അഭയം പ്രാപിച്ചു, യാഥാസ്ഥിതികരെ അധികാരത്തിൽ വരാൻ ഇനി ഒരിക്കലും അനുവദിക്കില്ല എന്നപ്പോൾ തീരുമാനിച്ചു.

സഖാവ് സ്റ്റാലിൻ ചോദിക്കുന്നു - ഇംഗ്ലീഷ് തൊഴിലാളിവർഗത്തിന്റെ മാനസികാവസ്ഥയെ പോളിറ്റ് എങ്ങനെ ചിത്രീകരിക്കും.
പോളിറ്റ് ഉത്തരം നൽകുന്നു, ഇംഗ്ലീഷ് തൊഴിലാളിവർഗത്തിന്റെ മാനസികാവസ്ഥ യെക്കുറിച്ചു പറയുമ്പോൾ ഒന്നാമതായി ഇംഗ്ലണ്ടിലെ തൊഴിലില്ലായ്മയുടെ ആക്രമണത്തെക്കുറിച്ചുള്ള ഭയം, രണ്ടാമതായി, യുദ്ധഭീതി. യുദ്ധത്തിനു മുമ്പുള്ള വർഷങ്ങളിൽ വൻതോതിലുള്ള തൊഴിലില്ലായ്മ അനുഭവിച്ചിട്ടില്ലാത്ത

തൊഴിലാളികൾക്കിടയിൽ ഇത്തരം മാനസികാവസ്ഥ പ്രത്യേകിച്ചും വ്യാപകമാണ്.

സഖാവ് സ്റ്റാലിൻ ചോദിക്കുന്നു - എന്തുകൊണ്ടാണ് കൺസർവേറ്റീവുകൾക്ക് ഇത്രയധികം വോട്ടുകൾ ലഭിച്ചത്?.

4

ഇംഗ്ലണ്ടിലെ വ്യാവസായിക മേഖലകളിൽ കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ ലേബറൈറ്റുകള്ക്ക് ലഭിച്ച വോട്ടുകളുടെ എണ്ണം ഗണ്യമായി വളർന്നുവെന്നും മൊത്തത്തിൽ ഒരു പാർട്ടി എന്ന നിലയിൽ ഇംഗ്ലണ്ടിന്റെ ചരിത്രത്തിൽ അഭൂതപൂർവമായ വോട്ടുകൾ ലേബറൈറ്റുകള്ക്ക് ലഭിച്ചുവെന്നും പോളിറ്റ് ഉത്തരം നൽകുന്നു.
യാഥാസ്ഥിതികരുായ കണ്സർ വേറ്റീവുകളും വലിയ തോതിൽ വോട്ട് നേടിയെന്ന് സഖാവ് സ്റ്റാലിൻ നിരീക്ഷിക്കുന്നു.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ലേബർ പാർട്ടിക്ക് റെക്കോർഡ് വോട്ട് ലഭിച്ചതായി പോളിറ്റ് ഉത്തരം നൽകുന്നു. 1945-ൽ ലേബറൈറ്റ്സ് മധ്യവർഗത്തെ തങ്ങളുടെ ഭാഗത്തേക്ക് ആകർഷിച്ചു. 1950-ൽ, ചെറുകിട കടയുടമകളുടെ താൽപ്പര്യങ്ങളെ വ്രണപ്പെടുത്തുന്ന ലേബർ ഗവൺമെന്റിന്റെനികുതി, റേഷനിംഗില് നല്കുന്ന ബെൻസീൻ എന്നിവയുടെ മറ്റ് നടപടികളിൽ തൃപ്തരല്ലാത്ത മധ്യവർഗത്തിന്റെ പിന്തുണ തൊഴിലാളികൾക്ക് നഷ്ടപ്പെട്ടു. എന്നിരുന്നാലും, ഖനിത്തൊഴിലാളികൾ, കപ്പൽ നിർമ്മാതാക്കൾ, ഹെവി മെഷീൻ നിർമ്മാണ വ്യവസായത്തിലെ തൊഴിലാളികൾ, ടെക്സ്റ്റൈൽ തൊഴിലാളികൾ, മെറ്റലർജിസ്റ്റുകൾ, എല്ലാവരും ഒരുമിച്ച് തൊഴിലാളികൾക്ക് വോട്ട് ചെയ്തു.

കൺസർവേറ്റീവുകൾ അധികാരത്തിലിരുന്ന യുദ്ധത്തിനു മുമ്പുള്ള വര്ഷങ്ങൾ തൊഴിലാളിവർഗ്ഗത്തിന്റെ ഈ മേഖലകളിലെല്ലാം വിഷാദം സമ്മാനിക്കുന്ന വർഷങ്ങളായിരുന്നു സമ്മാനിച്ചത്. ഒരു പുതിയ മാന്ദ്യത്തിന്റെ ആക്രമണത്തിൽ നിന്ന് ലേബർ സർക്കാർ തങ്ങളെ രക്ഷിക്കുമെന്ന് ഇപ്പോൾ അവർ കരുതുന്നു.
അതുപോലെ, ഇംഗ്ലണ്ടിൽ 25 നും 35 നും ഇടയിൽ പ്രായമുള്ള ദശലക്ഷക്കണക്കിന് വോട്ടർമാർ ഉണ്ടെന്നകാര്യവും ശ്രദ്ധിക്കേണ്ടതുണ്ട്.

ഈ വോട്ടർമാർ തൊഴിലില്ലായ്മയെക്കുറിച്ച് ഒരിക്കലും അറിഞ്ഞിട്ടില്ല, ലോക്ക് ഔട്ടുകളുടെ പ്രത്യാഘാതങ്ങൾ

അനുഭവിച്ചിട്ടില്ല, തൊഴിലില്ലാത്തവരുടെ പ്രകടനങ്ങളിൽ പങ്കെടുത്തിട്ടില്ല. അവരുടെ ശമ്പളം ഇന്ന് മുമ്പത്തേക്കാൾ കൂടുതലാണ്. വസ്തുതാപരമായി ഇപ്പോൾ ഇംഗ്ലണ്ടിൽ തൊഴിലില്ലായ്മ ഇല്ലെന്ന് ഇതിനോട് കൂട്ടിച്ചേർക്കാം.
ഇംഗ്ലണ്ടിൽ ഇപ്പോൾ തൊഴിലില്ലായ്മ ഇല്ലേ എന്ന് സഖാവ് സ്റ്റാലിൻ വീണ്ടും ചോദിക്കുന്നു.
നിലവിൽ ഇംഗ്ലണ്ടിലെ തൊഴിലില്ലാത്തവരുടെ ആകെ എണ്ണം 350,000 ആണെന്ന് പോളിറ്റ് ഉത്തരം നൽകുന്നു, അതേസമയം പ്രധാനമായും തൊഴിലില്ലാത്തവർ വൃദ്ധരാണ്.

തൊഴിലില്ലാത്തവരുടെ കേന്ദ്രീകരണം ഇനിപ്പറയുന്ന രീതിയിൽ വിന്യസിച്ചിരിക്കുന്നു..: ലിവർപൂൾ - 40 ആയിരം; സൗത്ത് വെൽസ് - 35 ആയിരം; സ്കോട്ട്ലൻഡ് - 50 ആയിരം; ഇവരെല്ലാം പ്രധാനമായും വൃദ്ധരാണ്.
കൺസർവേറ്റീവുകൾ അധികാരത്തിൽ വരുമെന്ന അപകടത്തിൽ വിഷമിക്കുന്ന ഇംഗ്ലീഷ് തൊഴിലാളികൾ കമ്മ്യൂണിസ്റ്റുകാർക്ക് വോട്ട് ചെയ്യരുതെന്ന് പോളിറ്റ് പറയുന്നു.

ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകാർക്ക് അധികാരത്തിൽ വരാൻ സാധ്യതയില്ലാത്തതിനാൽ ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾക്ക് വോട്ട് ചെയ്യുന്നതിൽ അർത്ഥമില്ലെന്ന് ഇംഗ്ലീഷ് തൊഴിലാളികൾ കരുതുന്നു.
സഖാവ് സ്റ്റാലിൻ പറയുന്നു, ഏത് സാഹചര്യത്തിലും വോട്ടർമാരുടെ മാനസികാവസ്ഥയിൽ യാഥാസ്ഥിതികർക്ക് അനുകൂലമായ ചില മാറ്റങ്ങൾ സംഭവിക്കുന്നു.

എല്ലാത്തരം വാചാടോപങ്ങളെയും ആശ്രയിച്ച് യാഥാസ്ഥിതികർ ശക്തമായ യുവജനപ്രസ്ഥാനം സംഘടിപ്പിച്ചിട്ടുണ്ടെന്ന് പോളിറ്റ് ഉത്തരം നൽകുന്നു.
സഖാവ് സ്റ്റാലിൻ പറയുന്നത്, ലേബറൈറ്റ്സ്സളെക്കുറിച്ചുള്ള സമീപനത്തിൽ ഇംഗ്ലീഷ് വോട്ടർമാരിൽ ചില വിഭാഗങ്ങൾ നിരാശരായിരിക്കുന്നു എന്നാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യാഥാസ്ഥിതികർക്ക്(കണ്സർവേറ്റീവുകൾക്ക്) ഇത്രയധികം വോട്ടുകൾ ലഭിച്ചത് വെറും യാദൃശ്ചികമല്ല.

ബെൻസീൻ റേഷനിംഗ് ഉൾപ്പെടെയുള്ള നിരവധി അവരവുഭവിക്കുന്ന പരിമിതികളിൽ മാറ്റം വരുത്താമെന്ന് വാഗ്ദാനം ചെയ്ത് യാഥാസ്ഥിതികർ പിടിച്ചെടുത്ത ലേബറൈറ്റ്സ് മധ്യവർഗങ്ങൾ അവരുടെ പക്ഷത്തേക്ക് വിട്ടുവെന്ന് പോളിറ്റ് ഉത്തരം നൽകുന്നു. ജനങ്ങളുടെ ഇടയിൽ സമാധാനത്തിന്റെ

അന്തരിക്ഷം ഉപയോഗിച്ച്  വൻതോതിൽ വോട്ടുകൾ തങ്ങളുടെ പക്ഷത്തേക്ക് ശേഖരിക്കുന്നതിലും യാഥാസ്ഥിതികർ വിജയിച്ചു. അറിയപ്പെടുന്നതുപോലെ, ഈ കൺസർവേറ്റീവുകൾ തിരഞ്ഞെടുക്കപ്പെട്ടാൽ സോവിയറ്റ് നേതാക്കളുമായി വ്യക്തിപരമായി സംസാരിക്കുമെന്ന് തിരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ ചർച്ചിൽ പ്രഖ്യാപിച്ചു. ചർച്ചിലിന്റെ ഈ തന്ത്രം ലേബറൈറ്റ്സ്കളെ ആശയക്കുഴപ്പത്തിലാക്കി. ചർച്ചിലിന്റെ ഈ പ്രസംഗത്തിന് വളരെ കുഴഞ്ഞുമറിഞ്ഞാണ് വ്യക്തതയില്ലാതെ ബെവിൻ മറുപടി പറഞ്ഞത്.

അധികാരത്തിൽ വന്നതിനുശേഷം പിന്തുണയ്ക്കാൻ കഴിയുന്ന അമേരിക്കക്കാരുമായി കൂടുതൽ അടുത്ത ബന്ധം പുലർത്തുന്നതിലൂടെ, ഇംഗ്ലീഷ് തൊഴിലാളിവർഗത്തിന് തൊഴിലില്ലായ്മ പരിഹരിക്കുമെന്ന് ഉറപ്പുനൽകുമെന്ന കൺസർവേറ്റീവുകളുടെ പ്രഖ്യാപനം ചില തൊഴിലാളികളെ സ്വാധീനിച്ചതായി പോളിറ്റ് പറഞ്ഞു.
സഖാവ് സ്റ്റാലിൻ പറയുന്നു, അമേരിക്കക്കാരുമായി ഇത്ര ശക്തമായ ഒരു അടുപ്പം ലേബറൈറ്റ്സുകളുടേതു പോലെ, യാഥാസ്ഥിതികർക്ക് ഒരിക്കലും ഉണ്ടായിരുന്നില്ല. ലേബറൈറ്റ്സ്(ലേബർപാർട്ടിക്കാർ) അമേരിക്കക്കാർക്ക് കീഴടങ്ങുന്നു.

ഇത് പൂർണ്ണമായും ശരിയാണെന്ന് പോളിറ്റ് പറയുന്നു. എന്നിരുന്നാലും, കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കൺസർവേറ്റീവുകൾ, തങ്ങൾ അധികാരത്തിൽ വന്നാൽ, ഇംഗ്ലണ്ടിന് കഠിനമല്ലാത്ത വ്യവസ്ഥകളിൽ അമേരിക്കക്കാരുമായുള്ള ഐക്യത്തെ പിന്തുണയ്ക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ചർച്ചിൽ അമേരിക്കക്കാർക്ക് അത്ര എളുപ്പത്തിൽ കീഴടങ്ങില്ലെന്ന് കരുതിയ ചില വോട്ടർമാർ കൺസർവേറ്റീവുകളെ വിശ്വസിച്ചു.

ഇംഗ്ലണ്ടിലെ സി.പിക്ക് സ്വന്തമായി ഒരു വളരെക്കാലത്തേക്ക്ബാധകമാകുന്ന പരിപാടി തയ്യാറാക്കിയിട്ടുണ്ടോ? എന്ന് സഖാവ് സ്റ്റാലിൻ ചോദിച്ചു. ഇംഗ്ലണ്ടിലെ സി.പിക്ക് അത്തരമൊരു പരിപാടി ഇല്ലെന്ന് പോളിറ്റ് ഉത്തരം നൽകുന്നു.

ഇപ്പോഴുള്ള സാഹചര്യം  ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ എങ്ങനെ പ്രതിരോധിക്കുമെന്ന് അറിയാൻ ആഗ്രഹിക്കുന്നുവെന്ന് സഖാവ് സ്റ്റാലിൻ ചോദിക്കുന്നു.

വ്യവസായത്തിന്റെയും ദേശസാൽക്കരണത്തിന്റെയും സോഷ്യലിസ്റ്റ് സമൂഹത്തിന്റെ സ്ഥാപനത്തിന്റെയും തൊഴിൽ പദ്ധതി ഉണ്ടാവുക എന്നത് പ്രധാനമാണ്.

5

ഇംഗ്ലീഷ് ജനതയ്ക്ക് ഒരു മാർഗ്ഗബേധവും ആദർശവും നൽകണം.. ലേബറൈറ്റ്സുകൾ ജനതയ്ക്ക് ഒരു ദിശാബോധം നൽകണം.. സോഷ്യലിസത്തിലേക്കുള്ള ബ്രിട്ടീഷ് റോഡ് എന്ന ബ്രോഷറിൽ പാർട്ടി ലൈൻ നൽകിയിട്ടുണ്ടെന്ന് പോളിറ്റ് ഉത്തരം നൽകി.. ലേബറൈറ്റ്സ് " ബിലീവ് ഇൻ ഇംഗ്ലണ്ട്' എന്ന തലക്കെട്ടിൽ ലേബറൈറ്റ്സ് പ്രോഗ്രാമുണ്ട്, കൂടാതെ യാഥാസ്ഥിതികർ അവർ പ്രസിദ്ധീകരിച്ച പ്രോഗ്രാമിന് 'ബ്രിട്ടനുവേണ്ടിയുള്ള ശരിയായ പാത' എന്നാണ് പേരിട്ടിരിക്കുന്നത്.

അവരുടെ പ്രോഗ്രാമിൽ ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ ആവശ്യങ്ങൾ മുന്നോട്ട് വെച്ചതായി പോളിറ്റ് പറയുന്നു: ശമ്പള വർദ്ധനവ്, താമസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സോവിയറ്റ് യൂണിയനുമായും പീപ്പിൾസ് ഡെമോക്രസി രാജ്യങ്ങളുമായും വ്യാപാരം നടത്തുക, എന്നിവ കൂടാതെ ഇംഗ്ലീഷ് വ്യവസായത്തിന്റെ എല്ലാ പ്രധാന ശാഖകളുടേയും ദേശസാൽക്കരണം കമ്മ്യൂണിസ്റ്റുകാർ ആവശ്യപ്പെടുന്നു. ഇംഗ്ലീഷ് തൊഴിലാളിവർഗത്തിന്റെ പ്രതിനിധികൾ ഇവ കൈകാര്യം ചെയ്യണം.

തൊഴിലാളികളുടെ ദേശസാൽക്കരണ പദ്ധതിയെ ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ എങ്ങനെ പ്രതിരോധിക്കുമെന്ന് സഖാവ് സ്റ്റാലിൻ ചോദിക്കുന്നു. സഖാവ് സ്റ്റാലിൻ പിന്നീട് ചോദിക്കുന്നു., തൊഴിലാളികൾ ദേശസാൽക്കരിക്കപ്പെട്ട വ്യവസായ ശാഖകളിൽ, മുതലാളിമാർ അവരുടെ തസ്തികകളിൽ തുടരുമ്പോൾ അവരുടെ ലാഭം വർദ്ധിക്കുന്നു, പക്ഷേ തൊഴിലാളികളുടെ വേതനം മരവിച്ചിരിക്കുന്നു. ഈ സാഹചര്യത്തെ ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ വിമർശിക്കുന്നുണ്ടോ?

ശമ്പളം മരവിപ്പിക്കുന്നതിനെതിരായ സമരത്തെ തങ്ങളുടെ പ്രധാന സമരമായി കണക്കാക്കി, ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ ഇതിനായി സേബറൈറ്റ്സുകളെ വിമർശിക്കുന്നുവെന്ന് പോളിറ്റ് ഉത്തരം നൽകുന്നു.

സഖാവ് സ്റ്റാലിൻ പ്രസ്താവിക്കുന്നത്, താൻ വിചാരിക്കുന്നതുപോലെ, ലേബർ പാർട്ടിക്കെതിരായ പോരാട്ടത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇംഗ്ലണ്ട് വളരെ മൃദുവും തികച്ചും

തത്വദീക്ഷയില്ലാത്തതുമായ നിലപാടാണ് സ്വീകരിക്കുന്നത് എന്നാണ്. ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ തൊഴിലാളികളോട് പറയണമായിരുന്നു,അവർ ലേബറൈറ്റ്സ് സോഷ്യലിസ്റ്റല്ലെന്നും കൺസർവേറ്റീവ് പാർട്ടി ഒരുക്കുന്ന ഒരു ഇടതുബദലാണെന്നും.

ഇത് ചെയ്യില്ല.. ഇത് തുറന്ന് പറയേണ്ടതുണ്ട്. ലേബർ ഗവൺമെന്റിന് കീഴിൽ മുതലാളിമാർക്ക് അവരുടെ ലാഭം വളരുമെന്നത് വളരെ ആശ്വാസകരമാണെന്ന് ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ പ്രസ്താവിക്കണം. ലേബറൈറ്റ്സ് സോഷ്യലിസം കെട്ടിപ്പടുക്കില്ലെന്ന് ഈ ഒരു വസ്തുത പറയുന്നു. ദേശസാൽകൃത വ്യവസായ ശാഖകളുടെ നടത്തിപ്പിൽ തങ്ങൾ പങ്കാളികളാകണമെന്ന് ഇംഗ്ലണ്ടിലെ തൊഴിലാളികൾ ആഗ്രഹിക്കുന്നു. ഇംഗ്ലണ്ടിലെ ദേശസാൽകൃത വ്യവസായങ്ങളിൽ മുതലാളിമാർ സമ്പദ്വ്യവസ്ഥയെ നയിക്കുകയും വലിയ ലാഭം നേടുകയും ചെയ്യുന്നത് തുടരുന്നതായി കാണാം. .

വ്യവസായത്തിന്റെ ഏതെങ്കിലും ശാഖ ദേശസാൽക്കരിക്കപ്പെട്ടാൽ അവിടെ നിന്ന് മുതലാളിമാരെ നീക്കം ചെയ്യുകയും അത് കൈകാര്യം ചെയ്യുന്നത് തൊഴിലാളിവർഗത്തിന്റെ പ്രതിനിധികൾ മാത്രമാണെന്ന് ദേശസാൽക്കരണത്തിൻ കീഴിൽ മനസ്സിലാക്കുന്ന സോവിയറ്റ് ജനതയ്ക്ക് ഈ മുതലാളിത്തത്തിലെ ദേശസാൽക്കരണം പൂർണ്ണമായി മനസ്സിലാക്കാൻ കഴിയില്ല. സോവിയറ്റ് ജനതയ്ക്ക് മറ്റൊരു ദേശസാൽക്കരണവും മനസ്സിൽ ദൃശ്യവത്കരിക്കാനാവില്ല.

ഇംഗ്ലണ്ടിൽ, മുതലാളിമാർ അത് കൈകാര്യം ചെയ്യുന്നത് തുടരാനും അതിന്റെ ഫലമായി അവരുടെ ലാഭം വർദ്ധിക്കുകയും ചെയ്യുന്നു.
തെരഞ്ഞെടുപ്പിൽ ലേബർ പാർട്ടിയുടെ പരാജയം തീർച്ചയായും അനുവദിക്കരുതെന്നും സോഷ്യലിസത്തിന്റെ തത്വങ്ങളിൽ നിന്ന് ലേബർ പാർട്ടിയെ വിമർശിക്കണമെന്നും സഖാവ് സ്റ്റാലിൻ പറയുന്നു. തൊഴിലാളികൾ കൊണ്ടുവരുന്ന ദേശസാൽക്കരണം തൊഴിലാളികൾക്ക് ഒരു ആനുകൂല്യവും നൽകുന്നില്ലെന്നും മറിച്ച്, മുതലാളിമാർക്ക് എല്ലാത്തരം ലാഭവും ഉറപ്പാക്കുന്നുവെന്നും തൊഴിലാളികൾ അതു കാണുന്നു. അതുമനസ്സിലാക്കുമ്പോൾ അത്തരം വിമർശനം തൊഴിലാളികളിൽ മതിപ്പുളവാക്കുന്നു.

മുതലാളിമാരുടെ ലാഭം വളരുമ്പോൾ തൊഴിലാളിവർഗത്തിന്റെ അവസ്ഥയും അതിനോടനുബന്ധിച്ച് മെച്ചപ്പെടുന്നില്ല.. ലാഭം വർധിച്ചാൽ തൊഴിലാളികളുടെ അവസ്ഥ മെച്ചപ്പെടുന്നില്ല, മറിച്ച്

താഴേക്ക് പോകുന്നു. ഞങ്ങൾ, സോവിയറ്റ് ജനത, ഇത് മനസ്സിലാക്കുന്നത് ഇങ്ങനെയാണ്, ബ്രിട്ടീഷ് തൊഴിലാളികളും അത്തരം വിഷമാവസ്ഥ മനസ്സിലാക്കും.

സഖാവ് സ്റ്റാലിൻ പറയുന്നത്, ദീർഘകാലത്തേക്കുള്ള ഒരു പരിപാടിയില്ലാതെ, തൊഴിലാളിവർഗത്തിനിടയിൽ പാർട്ടിക്ക് വളരാനും അതിനെ വികസിപ്പിക്കാനും പിന്തുണയ്ക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കാനും കഴിയില്ല.
ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ ഇംഗ്ലണ്ടിൽ സോവിയറ്റ് ശക്തി സ്ഥാപിക്കുക എന്ന ലക്ഷ്യമാണ് തങ്ങൾക്കു മുന്നിൽ വെച്ചതെന്ന് ഇംഗ്ലണ്ടിൽ ആരോപിക്കപ്പെടുന്നു. പാർലമെന്റിനെ ദുർബലപ്പെടുത്താൻ ആഗ്രഹിക്കുന്നില്ലെന്നും സോവിയറ്റ് ശക്തിയുടെ പാതയിലൂടെയല്ല, മുതലാളിമാരല്ലാത്തവരാൽ നയിക്കപ്പെടുന്ന ജനാധിപത്യ റിപ്പബ്ലിക്കിലൂടെയാണ് ഇംഗ്ലണ്ട് സോഷ്യലിസത്തിലെത്തേണ്ടത്, സ്വന്തം പാതയിലൂടെയാണെന്നും മനസ്സിലാക്കിക്കൊണ്ടു ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ ആ പരിപാടിയിയോട് സഹകരിക്കണം .. എന്നാൽ ജനശക്തിയുടെ പ്രതിനിധികളാൽ, അതായത് തൊഴിലാളികളുടെയും ബുദ്ധിജീവികളുടെയും നഗരങ്ങളിലെ താഴ്ന്ന വിഭാഗങ്ങളുടെയും കർഷകരുടെയും ഒരു കൂട്ടായ്മയുടെ പ്രതിനിധികളായ ആകണം ഈ അധികാരം പാർലമെന്റിലൂടെ പ്രവർത്തിപ്പിക്കേണ്ടത് എന്ന് കമ്മ്യൂണിസ്റ്റുകൾ പ്രഖ്യാപിക്കണം.
ആംഗ്ലോ-സാക്സൺ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റുകൾ തങ്ങളുടെ സേനയെ തികച്ചും പ്രായോഗിക സ്വഭാവമുള്ള ദൈനംദിന ജോലികളിൽ കേന്ദ്രീകരിക്കാൻ ചായ്‌വുള്ളവരാണെന്ന് കൂടുതൽ അവർമുന്നോട്ട് ചിന്തിക്കുന്നില്ല എന്നു പറഞ്ഞ് സ്റ്റാലിൻ തുടർന്നു.

സങ്കുചിതമായ പ്രായോഗികതയുടെ ഈ ഹ്രസ്വദൃഷ്ടി ആംഗ്ലോ-സാക്സൺ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളെ ദുർബലമാക്കുന്നതിലേക്ക് നയിച്ചു. ഇംഗ്ലണ്ടിന്റെയും അതിന്റെ ഭാവിയുടെയും ഒരു ദീർഘകാല വികസനത്തിന്റെ വീക്ഷണം ഇംഗ്ലണ്ടിലെ കമ്മ്യൂണിസ്റ്റ് പാർട്ടി, ഇംഗ്ലീഷ് ജനതയ്ക്ക് നൽകണം. തൊഴിലാളിവർഗത്തിന്റെയും, തൊഴിലാളിവർഗ്ഗ ബുദ്ധിജീവികളുടെയും, നഗരങ്ങളിലെയും കർഷകരുടെയും താഴേത്തട്ടിലുള്ളവരുടെയും കൂട്ടായ്മയ്ക്ക് മാത്രമേ ഇംഗ്ലീഷുകാർക്ക് സമാധാനം, ശമ്പള വർദ്ധനവ്, ഇംഗ്ലീഷ് വ്യവസായങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കളുടെ വിതരണം ഇംഗ്ലീഷ് സാധനങ്ങളുടെ വിപണനം എന്നിവ .
ഉറപ്പുനൽകാൻ കഴിയൂ എന്ന് സഖാവ് സ്റ്റാലിൻ തുടർന്നും പ്രസ്താവിച്ചു.

ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ ഈ കാഴ്ചപ്പാട് ഇംഗ്ലീഷുകാർക്ക് നൽകുകയും വാചാലത കൂടാതെ അവരുടെ പരിപാടി പ്രചരിപ്പിക്കുകയും ചെയ്താൽ, തൊഴിലാളിവർഗത്തിലെ ഏറ്റവും മികച്ചവർ തൊഴിലാളികളിൽ നിന്ന് കമ്മ്യൂണിസ്റ്റുകളുടെ പക്ഷത്തേക്ക് മടങ്ങും.

സോഷ്യലിസത്തിലേക്കുള്ള ഇംഗ്ലണ്ടിന്റെ മുന്നേറ്റത്തിനുള്ള പീപ്പിൾസ് ഡെമോക്രാറ്റിക് പാതയെക്കുറിച്ചായിരിക്കണം സംസാരിക്കേണ്ടതെന്നും സോവിയറ്റ് പാതയിലല്ലെന്നും പറഞ്ഞുകൊണ്ട് അതിനോടൊപ്പം പീപ്പിൾസ് ഡെമോക്രസി രാജ്യങ്ങൾ സോഷ്യലിസത്തിലേക്ക് നീങ്ങുന്ന പാതയെക്കുറിച്ചും സഖാവ് സ്റ്റാലിൻ സംസാരിച്ചു.

ബ്രിട്ടന്റെ ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാട് ഇംഗ്ലീഷ് ജനങ്ങളുടെ മുന്നിൽ മനം നുന്നോട്ടുവെയ്ക്കാൻ ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അത്തരമൊരു പരിപാടി ഇല്ലെന്ന് പോളിറ്റ് പറഞ്ഞു. ഇംഗ്ലണ്ടിലെ സി.പി ഇംഗ്ലണ്ടിനെ എവിടേക്കാണ് കൊണ്ടുപോകാൻ ആഗ്രഹിക്കുന്നതെന്നുള്ള വിഷയത്തിൽ ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ കേൾക്കാൻ ആഗ്രഹിക്കുന്ന ആളുകൾ തൊഴിലാളികൾക്കിടയിൽ ഉണ്ടെന്ന് സഖാവ് സ്റ്റാലിൻ പറഞ്ഞു. സോഷ്യലിസത്തിലേക്കുള്ള ഇംഗ്ലണ്ടിന്റെ വികസനത്തിന്റെ വീക്ഷണം പുലർത്തിക്കൊണ്ട് ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ അത്തരമൊരു പരിപാടി തയ്യാറാക്കുകയാണെങ്കിൽ, ആ പരിപാടി ഇംഗ്ലീഷ് തൊഴിലാളിവർഗം മനസ്സിലാക്കുകയും പിന്തുണയ്ക്കുകയും ചെയ്യും.

ഇംഗ്ലണ്ടിലെ സി.പി യുടെ പ്രവർത്തനത്തെക്കുറിച്ചുള്ള ഞങ്ങളുടെ അഭിപ്രായം അങ്ങനെയാണെന്നും സഖാവ് സ്റ്റാലിൻ അത് ഒരു ഉപദേശമായി പറയുന്നുവെന്നും  സഖാവ് പറഞ്ഞുകൊണ്ട് സ്റ്റാലിൻ തുടർന്നു. ഇനി എങ്ങനെ മുന്നോട്ട് പോകണമെന്ന് തീരുമാനിക്കുന്നത് ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജോലിയാണ്. പരിപാടിയുടെ പ്രധാന കാര്യങ്ങൾ കടലാസിൽ എഴുതുന്നതുവരെ  പോളിറ്റിന് തന്റെ പുറപ്പെടൽ മാറ്റിവയ്ക്കാൻ കഴിയുമെങ്കിൽ, അദ്ദേഹത്തിനും സഖാവ് സ്റ്റാലിനും CC AUCP (b) യിലെ മറ്റ് പ്രമുഖ സഖാക്കൾക്കും പോളിറ്റ് തയ്യാറാക്കിയ രേഖ കാണാനും നൽകാനും കഴിയുമെന്നുമെന്ന അദ്ദേഹം അറിയിച്ചു.. പരിപാടിയെക്കുറിച്ച് സഖാവ് സ്റ്റാലിൻ പറഞ്ഞതിനോട് താൻ പൂർണ്ണമായും യോജിക്കുന്നുവെന്ന് പോളിറ്റ് പ്രഖ്യാപിച്ചു.

എന്നിരുന്നാലും, ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ മറ്റ് സഖാക്കൾക്കൊപ്പം, പ്രത്യേകിച്ച്, താൻ ആഗ്രഹിച്ചതുപോലെ, ദത്തിനൊപ്പം ആലോചിച്ച് ഇംഗ്ലണ്ടിൽ പോയി അത്തരമൊരു രേഖ തയ്യാറാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് പോളിറ്റ് കരുതുന്നു എന്ന് പറഞ്ഞു.

ഇത് തീർച്ചയായും നല്ലതാണെന്ന് സഖാവ് സ്റ്റാലിൻ പറഞ്ഞു. എന്നിരുന്നാലും, പ്രോഗ്രാമിന്റെ കരട് ഉടൻ തയ്യാറാക്കാൻ പോളിറ്റിന് സഖാവ് സ്റ്റാലിൻ ഇപ്പോൾ നിർദ്ദേശിക്കുന്നില്ല. സഖാവ് സ്റ്റാലിനും പോളിറ്റും പരസ്പരം ശരിയായി മനസ്സിലാക്കുന്നുവെന്ന് ഒരാൾക്ക് ബോധ്യപ്പെടത്തക്കവിധം പ്രോഗ്രാമിന്റെ പ്രധാന നിഗമനങ്ങൾ പോളിറ്റിന് എഴുതാൻ കഴിയുമെങ്കിൽ അത് അഭികാമ്യമാണ്.

തങ്ങളുടെ പരിപാടിയിൽ ഇംഗ്ലണ്ടിലെ കമ്മ്യൂണിസ്റ്റുകാർ ബ്രിട്ടനെ തകർക്കാൻ ശ്രമിക്കുന്നുവെന്ന ആരോപണത്തിന് മറുപടി പറയണമെന്ന് സഖാവ് സ്റ്റാലിൻ പറഞ്ഞു. ബ്രിട്ടനെ തങ്ങളല്ല യാഥാസ്ഥിതികരും ലേബറൈറ്റ്സ്കളും അതിനു ശ്രമിക്കുന്നത് എന്ന് കമ്മ്യൂണിസ്റ്റുകാർ വ്യക്തമാക്കണം. ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റുകാർ ബ്രിട്ടനെ നശിപ്പിക്കാതിരിക്കുക മാത്രമല്ല, സ്വന്തം അടിസ്ഥാനത്തിൽ അതിനെ ശക്തിപ്പെടുത്തുകയും വേണം, ഇപ്പോൾ ബ്രിട്ടീഷ് സാമ്രാജ്യത്തിന് കീഴിലുള്ള ജനങ്ങൾ തമ്മിലുള്ള കൊളോണിയലിസത്തിനെ സഹായിക്കുന്ന അസാധാരണമായ പരസ്പര ബന്ധത്തിന് വിരാമമിടണം. ഞങ്ങൾക്ക്,സഖാവ് സ്റ്റാലിൻ തുടർന്നു,റഷ്യയുടെ കിഴക്കും തെക്കും കോളനികളുണ്ടായിരുന്നു., ഞങ്ങൾ അവരുമായി ഒരു പുതിയ ബന്ധം സ്ഥാപിച്ചു; റഷ്യയിലെയും ഇന്നത്തെയും പഴയ കൊളോണിയൽ ജനതയുമായുള്ള സൗഹൃദത്തിന്റെതായ ബന്ധം, കാരണം പഴയ റഷ്യൻ കോളനികളിൽ ഒന്നുപോലും സോവിയറ്റ് യൂണിയനിൽ നിന്ന് പുറത്തുപോകാൻ ആഗ്രഹിക്കുന്നില്ല.

ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ ഈ ചോദ്യങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുകയാണെന്ന് സഖാവ് സ്റ്റാലിൻ തുടർന്നു പറഞ്ഞു. എന്നിരുന്നാലും, ഇവയ്ക്ക് ഉത്തരം നൽകണം. പ്ലാറ്റ്സ്-മിൽസ്, പ്രിറ്റ് തുടങ്ങിയ ഇടതുപക്ഷ തൊഴിലാളി നേതാക്കൾ എന്താണെന്ന് പറയുന്നത് എന്ന് സഖാവ് സ്റ്റാലിൻ ചോദിക്കുന്നു.

പ്ലാറ്റ്സ്-മിൽസ്, പ്രിറ്റ്, ഹച്ചിൻസൺ, സോളി എന്നിവരുടെ ഗ്രൂപ്പ് കമ്മ്യൂണിസ്റ്റുകൾക്ക് വോട്ട് ചെയ്യുന്നവരാണെന്ന് പോളിറ്റ് ഉത്തരം നൽകുന്നു. അവർ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേരാൻ ശ്രമിക്കുന്നു, പക്ഷേ പോളിറ്റ്, അങ്ങനെ ചെയ്യുന്നതിൽ നിന്ന് അവരെ തടയുന്നു. ബ്രിട്ടനിലെ സമാധാന പോരാട്ടത്തിനായി വളരെ വലുതും വളരെ പ്രയോജനപ്രദവുമായ പ്രവർത്തനങ്ങൾ നടത്തുന്ന പ്രശസ്ത ഭൗതിക ശാസ്ത്രജ്ഞനായ പ്രൊഫസർ ബെർണലും സമാനമായി കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേരാൻ ആഗ്രഹിക്കുന്നു. അദ്ദേഹം,പോളിറ്റ്, കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേരാൻ ബെർണലിനെ ശുപാർശ ചെയ്തിട്ടില്ല..

എന്തുകൊണ്ടാണ് പോളിറ്റ് ഇത് ചെയ്യുന്നതെന്ന് സഖാവ് സ്റ്റാലിൻ ചോദിക്കുന്നു.
കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സ്വാധീനിക്കാൻ കഴിയാത്ത അത്തരം ജനവിഭാഗങ്ങളിൽ ഉയർന്ന സ്വാധീനം ചെലുത്തുന്ന അത്തരം വ്യക്തികളെ ഉൾപ്പെടുത്തുക എന്നാണ് പോളിറ്റ് അതിന് ഉത്തരം നൽകിയത്.. ബെർണലും പ്രിറ്റും മറ്റുള്ളവരും സി.പിയിൽ ചേർന്നാൽ സി.പി.യിലെ അംഗങ്ങൾ എന്ന കാരണം മാത്രം കൊണ്ട്  അവരുടെ സ്വാധീനം നഷ്ടപ്പെട്ടേക്കാം. ഇത്തരക്കാർക്കായി ഇംഗ്ലീഷ് സി.പിക്ക് അനുഭാവികളുടെ ഒരു സ്ഥാപനം സ്ഥാപിക്കാൻ കഴിയുമെന്ന് സഖാവ് സ്റ്റാലിൻ പറയുഞ്ഞു. അനുഭാവികളിൽ സി.പി യുടെ പരിപാടിയോട് പൂർണ്ണമായി യോജിക്കാത്തവരും എന്നാൽ മൊത്തത്തിൽ അതിനോട് സഹാനഭൂതിയുള്ള വരും ഉണ്ടാകാം.

പാർട്ടിയിൽ അംഗങ്ങളായി ചേരാൻ ആഗ്രഹിക്കുന്നവരെ പരിശോധിക്കുന്ന  അനുഭാവികളുടെ സ്ഥാപനമായും അത് പ്രവർത്തിക്കും. പാർട്ടിയുടെ അംഗങ്ങൾക്കുള്ള പ്രാഥമിക അപേക്ഷകരുടെ  സ്ഥാപനമായി നമ്മൾ അതിനെ നിലനിർത്തണം  എന്നു പറഞ്ഞുകൊണ്ട് സ്റ്റാലിൻ  സംഭാഷണം തുടർന്നു. പാർട്ടി അംഗങ്ങളായി അംഗീകരിക്കുന്നതിന് മുമ്പ് പത്ത് വർഷത്തിനുള്ളിൽ ഞങ്ങൾ ചിലപ്പോൾ അവരെ പരിശോധിക്കാറുണ്ട്. അപേക്ഷകരായ സ്ഥാനാർത്ഥികളും അനുഭാവികളും പാർട്ടി അംഗങ്ങൾ എന്ന നിലയിൽ അത്ര ബന്ധപ്പെട്ടിരിക്കുന്നവരല്ല.



അതുകൊണ്ടാണ് അദ്ദേഹം, സഖാവ് സ്റ്റാലിൻ, അനുഭാവികളുടെ അത്തരത്തിൽ ഒരു സംവിധാനം  രൂപീകരിക്കാൻ ശുപാർശ

ചെയ്യുന്നത്.ട്രേഡ് യൂണിയനുകളിലും സഹകരണ പ്രസ്ഥാനങ്ങളിലും ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകാർക്ക് എന്ത് സ്ഥാനമാണ് ഉള്ളതെന്ന് സഖാവ് സ്റ്റാലിൻ ചോദിക്കുന്നു.

സഹകരണ പ്രസ്ഥാനത്തിൽ കമ്മ്യൂണിസ്റ്റുകാർക്ക് ചില സ്ഥാനമുണ്ടെന്നും എന്നാൽ സഹകരണ സംഘടനകൾ ഒരു മാനദണ്ഡമെന്ന നിലയിൽ കമ്മ്യൂണിസ്റ്റുകാരെ മുൻനിര സ്ഥാനങ്ങളിൽ തിരഞ്ഞെടുക്കാൻ അനുവദിക്കാത്തതിനാൽ ഇത് പ്രാധാന്യമർഹിക്കുന്നില്ലെന്നും പോളിറ്റ് ഉത്തരം നൽകി. ട്രേഡ് യൂണിയനുകളിൽ ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾക്ക് വേണ്ടത്ര വിശാലമായ പ്രവർത്തന മേഖലയുണ്ട്.

പാർലമെന്റ് തിരഞ്ഞെടുപ്പിൽ സഹകരണ പാർട്ടി തങ്ങളുടെ സ്ഥാനാർത്ഥികളെ മുന്നോട്ട് നിർത്തുമോ എന്ന് സഖാവ് സ്റ്റാലിൻ ചോദിക്കുന്നു.ലേബർ പാർട്ടിയുമായി യോജിച്ച് തെരഞ്ഞെടുപ്പിൽ കോ-ഓപ്പറേറ്റീവ് പാർട്ടി അതിന്റെ സ്ഥാനാർത്ഥികളെ മുന്നോട്ട് നിർത്താറുണ്ട് എന്ന് പോളിറ്റ് ഉത്തരം നൽകുന്നു.
ഈ രീതിയിൽ സഹകരണ പാർട്ടി യഥാർത്ഥത്തിൽ ലേബർ പാർട്ടിയുടെ ഒരു ശാഖയാണെന്ന് സഖാവ് സ്റ്റാലിൻ അഭിപ്രായപ്പെടുന്നു.
പോളിറ്റ് ഈ അഭിപ്രായത്തെ പിന്തുണയ്ക്കുന്നു.
സഹകരണ പാർട്ടിയും ലേബർ പാർട്ടികളും തമ്മിലുള്ള ഈ ബന്ധം തകർക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സഖാവ് സ്റ്റാലിൻ പറയുന്നു, അങ്ങനെയാകുമ്പോൾ സഹകരണ പാർട്ടിയുടെ സമീപനം കൂടുതൽ സ്വതന്ത്രവും കൂടുതൽ വസ്തുനിഷ്ഠവുമാകും.
ഇംഗ്ലണ്ടിലെ ചില വിഭാഗത്തിലുള്ള സാധനങ്ങളുടെ റേഷൻ സമ്പ്രദായം തൊഴിലാളികൾക്ക് ദോഷം ചെയ്യുന്നതായി സൂചനയുണ്ടെന്ന് സഖാവ് സ്റ്റാലിൻ പറയുന്നു.

യുദ്ധസമയത്ത് സോവിയറ്റ് യൂണിയനിൽ അത്തരമൊരു റേഷനിംഗ് സമ്പ്രദായം ഉണ്ടായിരുന്നു. സോവിയറ്റ് യൂണിയനിൽ ചില റേഷൻ സാധനങ്ങളുടെ വില കുറവായിരുന്നു, ആളുകൾ അത് ഇഷ്ടപ്പെട്ടു. എന്നിരുന്നാലും, ചരക്കുകളുടെ വിതരണത്തിന്റെ മാനദണ്ഡങ്ങൾ ഒരിക്കലും ഉയർന്നതായിരുന്നില്ല. അതുകൊണ്ടാണ് സർക്കാർ വ്യാപാര ശൃംഖലയേക്കാൾ പലമടങ്ങ് വില കൂടുതലുള്ള സ്വതന്ത്ര വിപണിയിൽ നിന്ന് അനുബന്ധ സാധനങ്ങൾ വാങ്ങാൻ തൊഴിലാളികൾ നിർബന്ധിതരായത്. തൊഴിലാളികൾ അവരുടെ ബജറ്റ് കണക്കാക്കിയപ്പോൾ, റേഷനിംഗ് സംവിധാനം അവർക്ക് വളരെ ദോഷകരമാണെന്ന് അവർക്ക് ബോധ്യപ്പെട്ടു. തുടർന്ന്

റേഷനിംഗ് സമ്പ്രദായം മാറ്റി, പക്ഷേ ഉൽപ്പന്നങ്ങളുടെ വിതരണം പരിമിതപ്പെടുത്താതെയാണ് അത് ചെയ്തത്.

ഇതിനുശേഷം സർക്കാർ വിവിധ ഉൽപ്പന്നങ്ങളുടെ വില കുറയ്ക്കാൻ തുടങ്ങി, നിലവിൽ തൊഴിലാളിക്ക് ന്യായമായ വിലയ്ക്ക് എത്ര ഉൽപ്പന്നങ്ങളും വാങ്ങാം എന്ന അവസ്ഥ വന്നു. മാംസവും വെണ്ണയും പോലുള്ള ഉൽപ്പന്നങ്ങളുടെ വിതരണത്തിന്റെ ബ്രിട്ടീഷ് മാനദണ്ഡങ്ങൾ വളരെ കഠിനമല്ലാത്തതിനാൽ മാനദണ്ഡങ്ങൾക്കനുസൃതമായി ഉൽപ്പന്നങ്ങളുടെ വിതരണം പര്യാപ്തമല്ലാത്തതിനാൽ സ്വതന്ത്ര വിപണിയിൽ നിന്ന് അനുബന്ധ ഉൽപ്പന്നങ്ങൾ വാങ്ങാൻ ഇംഗ്ലീഷ് തൊഴിലാളി നിർബന്ധിനാകുന്നില്ലേ എന്ന് സഖാവ് സ്റ്റാലിൻ ചോദിക്കുന്നു.
മൊത്തത്തിൽ, ഇംഗ്ലീഷ് തൊഴിലാളി തന്റെ ഉൽപ്പന്നങ്ങൾ സ്വതന്ത്ര വിപണിയിൽ നിന്ന് വാങ്ങുന്നില്ലെന്ന് പൊള്ളിറ്റ് ഉത്തരം നൽകുന്നു, കാരണം മാംസം, വെണ്ണ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ ബ്രിട്ടീഷ് മാനദണ്ഡങ്ങൾ വളരെ അയഞ്ഞതാണെങ്കിലും അയാൾക്കും കുടുംബത്തിനും മാനദണ്ഡപ്രകാരം വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾ മതിയാകും.

എന്നാൽ റേഷൻ സാധനങ്ങളുടെ വില തുടർച്ചയായി വർധിച്ചുകൊണ്ടിരിക്കുകയാണ് എന്നതാണ് വസ്തുത. പ്രത്യേകിച്ചും മൂല്യച്യുതിക്ക് ശേഷം ആണ് അതു സംഭവിച്ചത്. റേഷനിംഗിന്റെ വിതരണത്തിന്റെ പരിധിയിൽ വരാത്ത ഉൽപ്പന്നങ്ങളുടെ വില കുത്തനെ ഉയരുകയാണ്. ഉദാഹരണത്തിന്, കാർഡുടമകൾക്കെന്ന കണക്കിൽ ഓറഞ്ച് നൽകിയപ്പോൾ ഈ വർഷം മെയ് മാസം വരെ, ഓറഞ്ചിന്റെ വില ഒരു പൗണ്ടിന് 8 പെൻസായിരുന്നു. മെയ് തുടക്കത്തിൽ ഓറഞ്ചിന്റെ റേഷനിംഗ് നിർത്തലാക്കുകയും അതിന്റെ വില മൂന്ന് മടങ്ങ് വർദ്ധിക്കുകയു ചെയ്തു. ചിലപ്പോൾ സർക്കാർ പലഹാരങ്ങളുടെയും പഞ്ചസാരയുടെയും റേഷനിംഗ് മാറ്റി. ഇതോടെ കടകളിൽ പലഹാരങ്ങളുടെയും പഞ്ചസാരയുടെയും വില വർധിക്കുന്ന സാഹചര്യമുണ്ടായി.

മെയ് തുടക്കത്തിലും സമാനമായി സർക്കാർ മത്സ്യത്തിന്റെ റേഷൻ പിൻവലിക്കുകയും മത്സ്യവില കുത്തനെ വർധിക്കുകയും ചെയ്തു. വീട്ടമ്മമാർ മത്സ്യക്കച്ചവടക്കാരെ ബഹിഷ്കരിക്കുകയും അവരിൽ നിന്ന് നിശ്ചിതവിലയ്ക്ക് മത്സ്യം വാങ്ങാതിരിക്കുകയും ചെയ്തു. ബഹിഷ്കരണം പ്രഖ്യാപിച്ച് മൂന്ന് ദിവസത്തിന് ശേഷം മത്സ്യവില കുറയ്ക്കാൻ കടയുടമകൾ നിർബന്ധിതരായി.

താൻ പ്രസ്താവിച്ച വസ്തുതകളുടെ വെളിച്ചത്തിൽ ബ്രിട്ടനിലെ റേഷനിംഗ് സമ്പ്രദായം ജനവിരുദ്ധമല്ലെന്ന് പോളിറ്റ് പറഞ്ഞു.
റേഷനിംഗ് സമ്പ്രദായം ആരോഗ്യകരമായ നടപടിയല്ലെന്ന് സഖാവ് സ്റ്റാലിൻ അഭിപ്രായപ്പെട്ടു.ലേബർ സർക്കാർ കളിക്കുന്ന ഒരു തരം പകിട കളിയായാണ് താൻ റേഷനിംഗ് സമ്പ്രദായത്തെ കണക്കാക്കുന്നതെന്ന് പോളിറ്റ് പറഞ്ഞു.
പൊളിറ്റിനോട് ചോദിക്കാൻ കൂടുതൽ ചോദ്യങ്ങളില്ലെന്ന് സഖാവ് സ്റ്റാലിൻ പറഞ്ഞു.

സെപ്റ്റംബറിൽ പാർലമെന്റിലേയ്ക്ക്
നടക്കുന്ന വരാനിരിക്കുന്ന തെരഞ്ഞെടുപ്പിനുള്ള ഇംഗ്ലീഷ് പാർട്ടിയുടെ തന്ത്രങ്ങൾ സഖാവ് സ്റ്റാലിൻ അംഗീകരിക്കുന്നുവെന്ന് അദ്ദേഹം മനസ്സിലാക്കിയത് ശരിയാണോ എന്ന് പോളിറ്റ് ചോദിക്കുന്നു.

8

കുറിപ്പിൽ പോളിറ്റ് മുന്നോട്ട് വച്ച തന്ത്രങ്ങൾ ശരിയാണെന്ന് സഖാവ് സ്റ്റാലിൻ ഉത്തരം നൽകുന്നു. നിർഭാഗ്യവശാൽ തന്റെ കുറിപ്പിന്റെ പകർപ്പ് താൻ സൂക്ഷിച്ചിട്ടില്ലെന്ന് പോളിറ്റ് പറയുന്നു.

പൊളിറ്റിന്റെ കത്തിന്റെ പകർപ്പ് അദ്ദേഹത്തിന് നൽകാമെന്ന് സഖാവ് സ്റ്റാലിൻ വാഗ്ദാനം ചെയ്യുന്നു.
തെരഞ്ഞെടുപ്പിൽ സമാധാനത്തിനായുള്ള പോരാട്ടത്തിന് പ്രചാരണം സി.പി ഒന്നാം സ്ഥാനം നൽകുന്നത് ഉചിതമാണോയെന്ന് പോളിറ്റ് ചോദിക്കുന്നു

വിദേശനയത്തെക്കുറിച്ചുള്ള ചർച്ചയായതിനാൽ അത് ഉചിതമായിരിക്കുമെന്ന് സഖാവ് സ്റ്റാലിൻ ഉത്തരം നൽകുന്നു. ഇതുകൂടാതെ, ആഭ്യന്തര കാര്യങ്ങളിൽ തൊഴിലാളിവർഗത്തിന്റെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അവർ സംസാരിക്കണമെന്നും പറയുന്നു.

ചർച്ചയ്ക്കും അദ്ദേഹം നൽകിയ നല്ല ഉപദേശത്തിനും സഖാവ് സ്റ്റാലിന് പോളിറ്റ് നന്ദി പറയുന്നു. പ്രോഗ്രാമിനെക്കുറിച്ച് സഖാവ് സ്റ്റാലിൻ പറഞ്ഞതിനോട് പോളിറ്റ് പൂർണ്ണമായും യോജിക്കുന്നുഎന്നു പറയുന്നു. അത്തരമൊരു പരിപാടിയുടെ കരട് അദ്ദേഹം, പോളിറ്റ് തീർച്ചയായും തയ്യാറാക്കും, എന്നിരുന്നാലും

ഇത് ഇംഗ്ലണ്ടിൽ ചെയ്യുന്നതാണ് നല്ലത്. ഒരു മാസത്തിനുശേഷം പോളിറ്റ്, പ്രോഗ്രാമിന്റെ കരട് മോസ്കോയിലേക്ക് അയയ്ക്കും. ഇത് ചെയ്യാൻ കഴിയുന്നതേയുള്ളൂ എന്ന് സഖാവ് സ്റ്റാലിൻ ഉത്തരം നൽകുന്നു.

സഖാവ് സ്റ്റാലിനോട് വിടപറയുമ്പോൾ തൊഴിലാളികൾ സഖാവ് സ്റ്റാലിനോട് രണ്ടാം ലോക മഹായുദ്ധം അവസാനിപ്പിച്ചതിനും അതിന്റെ വിജയത്തിനും ചെയ്ത എല്ലാറ്റിനും സഖാവ് സ്റ്റാലിന് വലിയ നന്ദി
പറയണമെന്ന് അവർ ആഗ്രഹിക്കുന്നുവെന്ന് തനിക്ക് ഉറപ്പുണ്ടെന്ന് പോളിറ്റ് പറഞ്ഞു:

രണ്ടാം ലോക മഹായുദ്ധവും സമാധാന സംരക്ഷണത്തിനായി താങ്കൾ ഇപ്പോൾ ചെയ്യുന്നതിനെല്ലാമുള്ള അവരുടെ നന്ദി അറിയിക്കുന്നു.

സമാധാന സംരക്ഷണത്തിനായുള്ള സോവിയറ്റ് സർക്കാരിന്റെ ശ്രമങ്ങളെ ഇംഗ്ലീഷ് ജനത പിന്തുണച്ചാൽ അത് നല്ലതാണെന്ന് സഖാവ് സ്റ്റാലിൻ പറഞ്ഞു.

അതിനായി തന്നാൽ കഴിയുന്നതെല്ലാം ചെയ്യുമെന്ന് പോളിറ്റ് പറയുന്നു. ഒരു മണിക്കൂറും ഇരുപത് മിനിറ്റും ചർച്ച തുടർന്നു.

V. പാവ്‌ലോവ് (ഒപ്പ്) രേഖപ്പെടുത്തിയത്

RGASPI, Fond 558, Opis 11, Delo 287, Listy 41-56.

xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx

കമ്മ്യൂണിസ്റ്റ് പാർട്ടി എക്സിക്യൂട്ടീവ് കമ്മിറ്റി,
ലണ്ടൻ, W.C.2, കിംഗ് സ്ട്രീറ്റ്-16
1950 ജൂലൈ 11
ഇംഗ്ലീഷിൽ നിന്നുള്ള വിവർത്തനം

പ്രിയ സഖാവ് സ്റ്റാലിൻ!

മെയ് 31 ന് താങ്കളുടെ അഭിപ്രായമായി ഒരു നിർദ്ദേശം നൽകിയിട്ടുള്ളത് ഒരു പ്രോഗ്രാമിന്റെ കരട് തയ്യാറാക്കുമ്പോൾ ഒരു നീണ്ട കാലയളവ് ഉൾക്കൊള്ളുന്ന കരട് തയ്യാറാക്കുന്നതാണ് അർത്ഥവത്താകുന്നത് എന്നാണ്. അതിനാൽ

ഇതുപരിശോധിക്കുമ്പോൾ താങ്കൾ പരിഗണിക്കുന്ന പ്രക്രിയയിൽ നമ്മൾ പരസ്പരം ശരിയായി മനസ്സിലാക്കിയിട്ടുണ്ടോ എന്ന് താങ്കൾക്ക് ബോധ്യമാകും. ഞങ്ങളുടെ ഭാവി പ്രവർത്തനത്തിന് അത് വളരെ പ്രധാനമാണ്.

ഞാൻ ഇതിനകം എന്റെ സുഹൃത്തുക്കളുമായി ഈ അഭിപ്രായങ്ങൾ കൈമാറുകയും താങ്കളുടെ ഉപദേശങ്ങളും

നിർദ്ദേശങ്ങളും ലഭിക്കുന്നതിനായി അതിന്റെ ഡ്രാഫ്റ്റ് താങ്കൾക്ക് അയയ്ക്കുകയും ചെയ്യുന്നു.

9

വ്യത്യസ്ത ഡ്രാഫ്റ്റുകളെക്കുറിച്ച് ലണ്ടനിൽ ഞങ്ങൾ നടത്തിയ ചർച്ചയ്ക്കിടെ അതിന്റെ തലക്കെട്ടിലെ 'തൊഴിലാളികളുമായി' എന്തെങ്കിലും ബന്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത എപ്പോഴും അടിവരയിട്ടിരുന്നതായി ഞാൻ ശ്രദ്ധിച്ചു.
'ഒരു പുരോഗമന തൊഴിലാളി ഗവൺമെന്റിനും പീപ്പിൾസ് ഡെമോക്രാറ്റിക് ഇംഗ്ലണ്ടിനും വേണ്ടി' എന്ന തലക്കെട്ട് നിർദ്ദേശിച്ച ഡ്രാഫ്റ്റിൽ ഉള്ളതിനേക്കാൾ മികച്ചതായിരിക്കുമെന്ന് ഒരു നിർദ്ദേശമുണ്ട്.
എന്നെ സംബന്ധിച്ചിടത്തോളം നിങ്ങളെ വീണ്ടും കണ്ടുമുട്ടുന്നത് വളരെ സന്തോഷകരമാണ്.ആശംസകളോടേയും വിപ്ലവ സാഹോദര്യത്തോടെയും , നിങ്ങളുടെ (ഹാരി പോളിറ്റ്)
നെക്രസോവ് വിവർത്തനം ചെയ്തത്.
RGASPI, Fond 558, Opis 11, Delo 288, Listy 4.

xxxxxxxxxxxxxxxxxxxxxcxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx

സഖാവ് ഹാരി പോളിറ്റിന്,
'ഫോർ പീപ്പിൾസ് പാർലമെന്റ് ആൻഡ് പീപ്പിൾസ് ഇംഗ്ലണ്ട്' എന്ന പരിപാടിയുടെ ഡ്രാഫ്റ്റിനൊപ്പം നിങ്ങളുടെ കത്ത് ലഭിച്ചു. ഈ രേഖ കണ്ട് മനസ്സിലാക്കിയതനുസ്സരിച്ച് ഞാൻ നിങ്ങളുടെ അഭ്യർത്ഥന നിറവേറ്റുകയും നിങ്ങൾ അയച്ച പ്രോഗ്രാമിന്റെ ഡ്രാഫ്റ്റിനെക്കുറിച്ചുള്ള എന്റെ അഭിപ്രായങ്ങൾ നൽകുകയും ചെയ്യുന്നു.

1 ലേബർ പാർട്ടിയുടെ നേതൃത്വത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ചുള്ള പകുതിമനസ്സോടെയുള്ള വിമർശനം രേഖയുടെ ഗുരുതരമായ പോരായ്മയാണ്. ഡ്രാഫ്റ്റ് പ്രോഗ്രാമിലെ ലേബർ പാർട്ടിയെക്കുറിച്ചുള്ള വിമർശനം ഭീരുത്വപരവും അപര്യാപ്തവുമാണ്. തങ്ങളുടെ പാർട്ടിയുടെ പരിപാടിയിൽ ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ തുറന്ന് പറയണം, ലേബർ പാർട്ടിക്കാർ ഒട്ടും സോഷ്യലിസ്റ്റുകളല്ലെന്നും വാസ്തവത്തിൽ കൺസർവേറ്റീവ് പാർട്ടിയുടെ ഇടതുപക്ഷക്കാരാണ്അവരെന്നും . ഒരു ലേബർ ഗവൺമെന്റിന് കീഴിൽ മുതലാളിമാർക്ക് നല്ല സുഖം അനുഭവപ്പെടുകയും അവരുടെ ലാഭം വർദ്ധിക്കുകയും ചെയ്യുന്നുവെന്നുമുള്ള ഈ ഒരു വസ്തുത തന്നെ പറയുന്നതോടൊപ്പം

ഇവർ ഒരു തരത്തിലും സോഷ്യലിസം കെട്ടിപ്പടുക്കാൻ പോകുന്നില്ലെന്നും കൂടുതൽ വ്യക്തമായി പറയേണ്ടതുണ്ട്.

2. ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ ബ്രിട്ടീഷ് സാമ്രാജ്യത്തെ നശിപ്പിക്കാൻ ശ്രമിക്കുന്നുവെന്ന ആരോപണത്തിന് കരട് പരിപാടി ഉത്തരം നൽകുന്നില്ല. ഒഴിഞ്ഞുമാറാൻ പറ്റാത്തതും നേരിട്ടുള്ള ഉത്തരം നൽകേണ്ടതുമായ ഈ ചോദ്യത്തിന് സവിശേഷമായ പ്രാധാന്യമുണ്ട്. ബ്രിട്ടനെ നശിപ്പിക്കുന്നത് ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകാരല്ല, മറിച്ച് തങ്ങളുടെ അടിച്ചമർത്തലുകളും കൊളോണിയൽ കൊള്ളയും വഴി ബ്രിട്ടനെ ദുർബലപ്പെടുത്തുകയും അതിന്റെ ശിഥിലീകരണത്തിലേക്ക് നയിക്കുകയും ചെയ്യുന്ന യാഥാസ്ഥിതികരും-കൺസർവേറ്റീവ്സും-ലേബറൈറ്റ്സും ആണ് എന്ന് നേരിട്ട് പ്രഖ്യാപിക്കേണ്ടത് ആവശ്യമാണ്; നേരെമറിച്ച്, ബ്രിട്ടനെ ഒരു പുതിയ ജനാധിപത്യ അടിത്തറയിൽ ശക്തിപ്പെടുത്തുക, ബ്രിട്ടീഷ് സാമ്രാജ്യം രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ജനങ്ങൾ തമ്മിലുള്ള അസാധാരണമായ ബന്ധങ്ങൾ അവസാനിപ്പിക്കുക, സമത്വത്തിന്റെ അടിസ്ഥാനത്തിൽ ഇംഗ്ലീഷുകാർക്ക് അവരുമായി സൗഹൃദം സ്ഥാപിക്കുക എന്ന ലക്ഷ്യം കമ്മ്യൂണിസ്റ്റുകൾ അവരുടെ മുന്നിൽ വെയ്ക്കേണ്ടതുണ്ട്... .

3. സോഷ്യലിസത്തിനായുള്ള പോരാട്ടത്തിൽ പരമ്പരാഗത ഇംഗ്ലീഷ് സ്ഥാപനങ്ങളെ (പാർലമെന്റ് ) ഉപയോഗപ്പെടുത്തുക എന്ന ദൗത്യം പ്രോഗ്രാമിന്റെ കരട് ശരിയായി മുന്നോട്ട് വയ്ക്കുന്നു. ഇംഗ്ലണ്ടിൽ സോവിയറ്റ് ശക്തി സ്ഥാപിക്കുമെന്ന് ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകാരുടേ മുകളിൽ ആരോപണമായി പ്പറയുന്നത് എല്ലാവർക്കും അറിയാം. അതിനാൽ, ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ പാർലമെന്റിനെ നിയമവിരുദ്ധമാക്കാൻ പോകുന്നില്ലെന്നും, സോഷ്യലിസത്തിലേക്ക് ഇംഗ്ലണ്ട് വരേണ്ടത് സ്വന്തം പാതയിലൂടെയാണെന്നും സോവിയറ്റ് ശക്തിയിലൂടെയല്ല, ജനങ്ങളിലൂടെയാണെന്നും പ്രോഗ്രാമിന്റെ കരട് രേഖയിൽ വളരെ വ്യക്തമായും നിശ്ചയമായും പ്രസ്താവിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മുതലാളിമാരല്ല, ജനങ്ങളുടെ ശക്തിയാൽ നയിക്കപ്പെടുന്ന ജനാധിപത്യത്തെ നയിക്കുന്നത് തൊഴിലാളിവർഗത്തിന്റെ ഒരു കൂട്ടുകെട്ടിനെ പ്രതിനിധീകരിക്കുന്ന ജനശക്തി, തൊഴിലാളിവർഗം, അധ്വാനിക്കുന്ന ബുദ്ധിജീവികൾ, നഗരങ്ങളിലെ ഇടത്തരക്കാർ ഇടത്തരം, കർഷകർ എന്നിവരായിരിക്കണം

ഈ അധികാരം പാർലമെന്റിലൂടെ പ്രവർത്തിക്കുമെന്ന് കമ്മ്യൂണിസ്റ്റുകൾ പ്രഖ്യാപിക്കണം. ഇംഗ്ലീഷുകാർക്ക് സമാധാനം, ഉയർന്ന വേതനം, ഇംഗ്ലീഷ് വ്യവസായത്തിനും ഇംഗ്ലീഷ് ഉൽപന്നങ്ങൾക്കുള്ള വിപണികൾക്കും അസംസ്കൃത വസ്തുക്കൾ എന്നിവ നൽകാൻ ഈ സഖ്യത്തിന് മാത്രമേ കഴിയൂ എന്ന് പ്രോഗ്രാം അടിവരയിടണം. സോഷ്യലിസത്തിലേക്കുള്ള പാതയിലേക്കുള്ള ഇംഗ്ലണ്ടിന്റെ മുന്നേറ്റത്തിന്റെ പാതയെന്ന നിലയിൽ പീപ്പിൾസ് ഡെമോക്രസിയെക്കുറിച്ച് പ്രോഗ്രാം സംസാരിക്കണം.

പീപ്പിൾസ് ഡെമോക്രസി രാജ്യങ്ങൾ. സോഷ്യലിസത്തിലേക്ക് നീങ്ങുകയാണ്.

10

4. പരിപാടിയുടെ കരട് കമ്മ്യൂണിസ്റ്റിന്റെ സമരത്തിന്റെ ദൗത്യത്തെ വേണ്ടത്ര അടിവരയിടുന്നില്ല.

അമേരിക്കൻ സാമ്രാജ്യത്വത്തിൽ നിന്ന് ഇംഗ്ലണ്ടിന്റെ ദേശീയ സ്വാതന്ത്ര്യത്തിനായുള്ള പാർട്ടി. അമേരിക്കൻ മൂലധനത്തിന് രാജ്യത്തെ കീഴ്പ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ലേബറൈറ്റ്സ് നേതൃത്വത്തിന്റെ ചൂഷണ രാഷ്ട്രീയത്തെ തുറന്നുകാട്ടുന്നതിൽ ശക്തമായും സ്ഥിരമായും പങ്കെടുക്കുന്നതിനാൽ ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ ഇംഗ്ലീഷ് ജനതയുടെ ദേശീയ താല്പ്പര്യങ്ങളുടെ യഥാർത്ഥ സംരക്ഷകരാണെന്ന് പ്രോഗ്രാമിൽ കാണിക്കേണ്ടത് ആവശ്യമാണ്. യാഥാസ്ഥിതികർക്ക്-കൺസർവേറ്റീവ്സിനു പോലും അമേരിക്കയിലെ മുതലാളിമാരുമായി ലേബറൈറ്റ്സുകളെപ്പോലെ ശക്തമായ ഒരു സഖ്യം ഉണ്ടായിരുന്നില്ലെന്ന് പ്രോഗ്രാമിൽ അടിവരയിടുന്നത് വളരെ പ്രധാനമാണ്. തൊഴിലാളികൾ അമേരിക്കയിലെ സാമ്രാജ്യത്വ ഗ്രൂപ്പുകൾക്ക് നേരിട്ട് കീഴടങ്ങുകയും ഇംഗ്ലണ്ടിന്റെ ദേശീയ താൽപ്പര്യങ്ങളെ പരസ്യമായി ഒറ്റുകൊടുക്കുകയും ചെയ്യുന്നു.

5.സുസ്ഥിരവും നീണ്ടുനിൽക്കുന്നതുമായ സമാധാനത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ ഡ്രാഫ്റ്റ് പ്രോഗ്രാമിൽ വിശദമായി വിശദീകരിക്കേണ്ടത് അത്യാവശ്യമാണ്, ആയുധ മത്സരത്തിന്റെ രാഷ്ട്രീയം, ഇംഗ്ലണ്ടിനെ ഒരു പുതിയ ലോകമഹായുദ്ധത്തിനുള്ള ഒരു അമേരിക്കൻ മുന്നണിയാക്കി മാറ്റുന്നത് ഇംഗ്ലണ്ടിന്റെ ദേശീയ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണ്. ഇത് ഇംഗ്ലീഷുകാർക്ക് വളരെ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. പരിപാടിയുടെ കരട് രേഖയിൽ പരാമർശിച്ചിരിക്കുന്ന പോരാട്ടത്തിന്റെ ആത്യന്തിക ലക്ഷ്യങ്ങളുടെ നേട്ടം സമാധാനത്തിനും ഒരു പുതിയ യുദ്ധത്തിന്റെ

ഭീഷണിയ്ക്കുമെതിരായ ജനങ്ങളുടെ എല്ലാ പോരാട്ടങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കാണിക്കേണ്ടത് ആവശ്യമാണ്.

6. 'ദേശീയവൽക്കരിക്കപ്പെട്ട' വ്യവസായ ശാഖകളുടെ മുൻ ഉടമകൾക്ക് വലിയ നഷ്ടപരിഹാരം നൽകുന്ന നയത്തെ അടിസ്ഥാനമാക്കിയുള്ള ലേബർ ദേശസാൽക്കരണ നയത്തിന്റെ സാരാംശം പ്രോഗ്രാമിന്റെ കരട് കൃത്യമായി വിശദീകരിക്കുന്നു. പ്രോഗ്രാമിന്റെ ഈ ഭാഗത്ത് ഇംഗ്ലീഷ് തൊഴിലാളികൾ സോഷ്യലിസ്റ്റ് ദേശസാൽക്കരണം ആഗ്രഹിക്കുന്നുവെന്ന് പ്രസ്താവിക്കണം. ദേശസാൽകൃത വ്യവസായങ്ങളുടെ നടത്തിപ്പിൽ പങ്കാളികളാകാൻ അവർ ആഗ്രഹിക്കുന്നു, മുതലാളിമാർ 'ദേശീയവൽക്കരിക്കപ്പെട്ട' വ്യവസായങ്ങൾ വൻതോതിൽ ലാഭം നേടിക്കൊണ്ട് നിയന്ത്രിക്കുന്നത് തുടരുന്ന സമ്പ്രദായം അവസാനിപ്പിക്കണമെന്നവരാഗ്രഹിക്കുന്നു
XXXXXX

ഡ്രാഫ്റ്റ് പ്രോഗ്രാമിന്റെ ഘടനയിലും അവതരണത്തിന്റെ സവിശേഷതകളിലും ഇത് ശ്രദ്ധിക്കേണ്ടതാണ്
ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റ് പാർട്ടി പലപ്പോഴും പാർലമെന്റ് തെരഞ്ഞെടുപ്പിൽ പ്രവേശിക്കുന്ന ഒരു തിരഞ്ഞെടുപ്പിന്റെ തുറന്ന പൊതു വേദിയെ കൂടുതൽ ശ്രദ്ധേയമായി ഓർമ്മപ്പെടുത്തേണ്ടതുണ്ട്. അല്ലാതെ അത് ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു പ്രോഗ്രാമല്ല. ദീർഘകാലത്തേക്കായി കണക്കാക്കുകയും ഇംഗ്ലീഷ് ജനതയ്ക്ക് ദിശാബോധവും ആദർശവും നൽകുകയും ചെയ്യുന്ന
ഈ പ്രോഗ്രാമിലെ ചില പോരായ്മകൾ ചൂണ്ടിക്കാട്ടിയത് പരിഹരിക്കുന്നതിന്, പൊതുവായ ആമുഖത്തിന് ശേഷം ഇനിപ്പറയുന്ന കാര്യങ്ങൾ ഭാഗികമായി അവതരിപ്പിക്കുന്നത് ഉചിതമായിരിക്കും.

1. ശാശ്വത സമാധാനത്തിനും ഒരു പുതിയ യുദ്ധത്തിന്റെ ഭീഷണിയ്ക്കെതിരായുമുള്ള പോരാട്ടത്തിൽ പാർട്ടിയുടെ ചുമതലകൾ.
2. ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ മാത്രമാണ് ഇംഗ്ലണ്ടിന്റെ ദേശീയ സ്വാതന്ത്ര്യത്തിനായുള്ള ഒരു ജനാധിപത്യ അടിത്തറയിൽ ബ്രിട്ടീഷ് സാമ്രാജ്യം ശക്തിപ്പെടുത്തുന്നതിന്റെ ശരിയായ ചാമ്പ്യൻ
3. ഇംഗ്ലണ്ട് സോഷ്യലിസത്തിലേക്ക് വരുന്നത് സ്വന്തം പാതയിലൂടെയാണ് - സോവിയറ്റ് ശക്തിയിലൂടെയല്ല, മറിച്ച് പീപ്പിൾസ് ഡെമോക്രസിമാർഗ്ഗത്തിലൂടെയാണ്.

4 നമ്മൾക്ക് വേണ്ടത്  മുതലാളിത്തമല്ല, ഇംഗ്ലണ്ടിലെ തൊഴിലാളിവർഗത്തിന്റെ  നേതൃത്വത്തിൽ സോഷ്യലിസ്റ്റ്സ്വഭാവത്തിലേയ്ക്കു നയിക്കുന്ന ദേശസാൽക്കരണമാണ്.

5. തൊഴിലാളികളുടെ വേതന വർദ്ധനവാണ് പാർട്ടിയുടെ അടിയന്തര ദൗത്യം.
മുകളിൽ സൂചിപ്പിച്ച അവതരണത്തിന്റെ  സ്വഭാവം എന്താണ് എന്ന വസ്തുത ശരിയായി ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്.
അത് വിശാലമായ ഇംഗ്ലീഷ് ജനതയ്ക്ക് വ്യക്തവുമായി മനസ്സിലാക്കാവുന്നതാകണം .

നിങ്ങൾ തയ്യാറാക്കിയ ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പരിപാടി, പാർട്ടിയുടെ വളർച്ചയ്ക്കും വികാസത്തിനും, ഇംഗ്ലണ്ടിലെ തൊഴിലാളികളുടെ സ്ഥാനം ബഹുജനങ്ങൾക്കിടയിൽ അതിന്റെ  സ്ഥാനം ശക്തിപ്പെടുത്തുന്നതിനും ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകളെ പിന്തുണയ്ക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സഹായിക്കും. അവർക്കിടയിൽ.
അത്തരമൊരു പരിപാടി,ഇംഗ്ലീഷ് തൊഴിലാളിവർഗ്ഗത്തിന് മൂർച്ചയുള്ളതും വ്യക്തവുമായ ദിശാബോധം നൽകുകയും ഇംഗ്ലീഷ് ജനതയുടെ സുപ്രധാന താൽപ്പര്യങ്ങൾക്കായുള്ള പോരാട്ടത്തിന്റെ പാതയിലേക്ക് വിരൽ ചൂണ്ടുകയും ചെയ്യും.

ബഹുമാനത്തോടെ
നിങ്ങളുമായി
ചർച്ചയിൽ പെങ്കടുത്ത സഹപങ്കാളി,സ്റ്റാലിൻ
1950 സെപ്റ്റംബർ 28.

RGASPI, Fond 558, Opis 11, Delo 288, Listy 84-87.
ഇംഗ്ലീഷിൽ നിന്നുള്ള വിവർത്തനം

xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx

ബുക്കാറസ്റ്റ്, 18. 10. 1950
പ്രിയ സഖാവ് സ്റ്റാലിൻ

സെപ്റ്റംബർ 28-ലെ നിങ്ങളുടെ കത്ത് എനിക്ക് ലഭിച്ചു, നിങ്ങളുടെ ഉപദേശത്തിനും സഹായത്തിനും നന്ദി. മെയ് 31ന് നമ്മുടെ അവസാന കൂടിക്കാഴ്ച നടന്നതിനു ശേഷം ഉള്ള സംഭവങ്ങളെക്കുറിച്ച്  താങ്കളെ അറിയിക്കണമെന്ന് ഞാൻ കരുതുന്നു

സമാധാനത്തിനും ഐക്യത്തിനും വേണ്ടിയുള്ള പോരാട്ടത്തെക്കുറിച്ചും പാർട്ടിയുടെ പരിപാടിയുടെ ആവശ്യകതയെക്കുറിച്ചും അടുത്ത പൊതുതെരഞ്ഞെടുപ്പിലെ നമ്മുടെ തിരഞ്ഞെടുപ്പ് തന്ത്രങ്ങളെക്കുറിച്ചും ജൂലൈ 9 ന് ഞങ്ങളുടെ പാർട്ടിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ ഞാൻ സംസാരിച്ചു.

പ്രസംഗത്തിൽ ഞാൻ ഗുരുതരമായ സ്വയം വിമർശനം നടത്താൻ ശ്രമിച്ചു, അത് പാർട്ടി അംഗങ്ങൾക്കായി ഒരു പ്രത്യേക ബ്രോഷറായി പ്രസിദ്ധീകരിക്കുകയും അതിന്റെ 30,000 കോപ്പികൾ വിറ്റഴിക്കുകയും ചെയ്തു.

ഈ പ്രഭാഷണത്തിൽ, നമ്മൾ മെയ് 31-ന് ചർച്ച ചെയ്ത ചില രാഷ്ട്രീയ നയ രൂപീകരണങ്ങൾ ഞാൻ മുന്നോട്ട് വച്ചു.
സെപ്റ്റംബർ 28ലെ കത്തിൽ താങ്കൾ
അത് വീണ്ടും ഓർമിപ്പിച്ചു.
ജൂലൈ മാസത്തെ എന്റെ പ്രസംഗം ഞങ്ങളുടെ പാർട്ടി ചർച്ച ചെയ്തു, ഓഗസ്റ്റ് അവസാനത്തോടെ ഭൂരിപക്ഷം പാർട്ടിയിലെ അംഗങ്ങളും വിമർശനങ്ങളെയും സ്വയം വിമർശനങ്ങളെയും പ്രസംഗത്തിൽ അവതരിപ്പിച്ച നയങ്ങളെയും പിന്തുണച്ചു.
ജൂലൈ സെഷനിൽ, പൊളിറ്റ്ബ്യൂറോയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയെ ദീർഘകാലത്തേക്കായി തയ്യാറാക്കിയ പാർട്ടിയുടെ പ്രോഗ്രാം തയ്യാറാക്കാനും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അടുത്ത യോഗത്തിൽ ചർച്ചയ്ക്ക് അവതരിപ്പിക്കാനും ചുമതലപ്പെടുത്തി.

പരിപാടിയുടെ രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു കമ്മീഷനെ നിയമിച്ചു. കമ്മീഷൻ തയ്യാറാക്കിയ കരട് പ്രോഗ്രാമിന്റെ വ്യത്യസ്ത പതിപ്പുകൾ പൊളിറ്റ്ബ്യൂറോ നിരവധി തവണ ചർച്ച ചെയ്തു. അടിസ്ഥാന വാചകമായിസ്വീകരിക്കാൻ സാധ്യമാണെന്ന് ഞങ്ങൾ കരുതുന്ന ഒരു പതിപ്പ് ഞാൻ താങ്കൾക്ക് അയച്ചു.
പോളിറ്റ്ബ്യൂറോയുടെ യോഗത്തിൽ
സെപ്തംബർ 20 ന് ചേർന്ന പൊളിറ്റ്ബ്യൂറോ, പ്രോഗ്രാമിന്റെ കരട് ചർച്ച ചെയ്യുന്നതിനിടയിൽ, ഇത് ഒരു തിരഞ്ഞെടുപ്പ് പരിപാടിയുടെ വായനയായാണ് കാണപ്പെടുന്നതെന്നും ഒരു ദീർഘകാല പരിപാടിയായിട്ടല്ലെന്നുമുള്ള വിലയിരുത്തലിൽ അത് നിരസിക്കാൻ ഞങ്ങൾ തീരുമാനിച്ചു. രണ്ട് നിരസിക്കപ്പെട്ട വിഷയങ്ങളായി അവ അവശേഷിക്കുന്നു.

എക്സിക്യൂട്ടീവിന്റെ ചർച്ചയ്ക്കായി അവതരിപ്പിക്കേണ്ട പുതിയ കരട് വീണ്ടും എഴുതാൻ നവംബർ 25ന് കമ്മിറ്റി തീരുമാനിച്ചു.

താങ്കളുടെ കത്ത് ലഭിക്കുന്നതിന് ബുക്കാറെസ്റ്റിലേക്ക് പോകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പിന്നീട് എന്നെ അറിയിച്ചു.സമാധാനത്തെ പിന്തുണയ്ക്കുന്നവരുടെ രണ്ടാം ലോക കോൺഗ്രസിന്റെ തയ്യാറെടുപ്പിനായി പാർട്ടിയുടെ അന്തിമ സമാഹരണത്തെ സംബന്ധിച്ച എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അടിയന്തര അസാധാരണ യോഗം ഒക്ടോബർ 14-15 തീയതികളിൽ ഷെഡ്യൂൾ ചെയ്തിരുന്നു, യോഗത്തിന് ശേഷം ബുക്കാറെസ്റ്റിലേക്ക് പോകുന്നതാണ് നല്ലതെന്ന് ഞാൻ അനുമാനിച്ചു..

ഞാൻ നിങ്ങളുടെ കത്ത് വളരെ ശ്രദ്ധയോടെ വായിച്ചു, അടുത്ത കുറച്ച് ദിവസങ്ങളിൽ അത് കൂടുതൽ ആഴത്തിൽ പഠിക്കും. അതിലുള്ള വീക്ഷണകോണിൽ നിന്നും പാർട്ടിയുടെ പുതിയ പരിപാടിയുടെ ഉള്ളടക്കത്തിന്റെ വീക്ഷണകോണിൽ നിന്നും ഇത് ഞങ്ങൾക്ക് വലിയ സഹായം നൽകും. ഇപ്പോൾ ഞങ്ങൾ ഈ പ്രോഗ്രാമിനെ അടിസ്ഥാനപ്പെടുത്തി തയ്യാറെടുപ്പ് ആരംഭിക്കുന്നു. നവംബർ 25 ന് പുതിയ കരട് ചർച്ച ചെയ്യുന്നത് ഒരു പുതിയ വീക്ഷണത്തിനുവേണ്ടിയാണ്..

സെപ്റ്റംബറിൽ ഷെഫീൽഡിൽ നടക്കുന്ന രണ്ടാം ലോക സമാധാന സമ്മേളനത്തിന്റെ സവിശേഷമായ വിജയം ഉറപ്പാക്കാൻ ഞങ്ങൾ സാധ്യമായതെല്ലാം ചെയ്യുന്നുണ്ടെന്ന് ഞാൻ താങ്കൾക്ക് ഉറപ്പ് നൽകുന്നു .ഒരിക്കൽ കൂടി ഞാൻ താങ്കൾക്ക് നന്ദി അറിയിക്കുകയും ആശംസകൾ നേരുകയും ചെയ്യുന്നു.
സാഹോദര്യനിറഞ്ഞ ആശംസകളോടെ (ഹാരി പോളിറ്റ്)
ആൻഡ്രീവ വിവർത്തനം ചെയ്തത്
RGASPI, Fond 558, Opis 11, Delo 288, Listy 94-5.

xxxxxxxxxxxxxxxxxxxxxxxcxxxxxxxxxxxxxcccccxxxxxxxxxxxxxxxxxxxxxxxxxxxxxx

കമ്മ്യൂണിസ്റ്റ് പാർട്ടി എക്സിക്യൂട്ടീവ് കമ്മിറ്റി,
ലണ്ടൻ, W.C.2, കിംഗ് സ്ട്രീറ്റ്-16
1950 ജൂലൈ 11
ഇംഗ്ലീഷിൽ നിന്നുള്ള വിവർത്തനം

പ്രിയ സഖാവ് സ്റ്റാലിൻ!

മെയ് 31 ന് താങ്കളുടെ അഭിപ്രായമായി ഒരു നിർദ്ദേശം നൽകിയിട്ടുള്ളത് ഒരു പ്രോഗ്രാമിന്റെ കരട് തയ്യാറാക്കുമ്പോൾ ഒരു നീണ്ട കാലയളവ് ഉൾക്കൊള്ളുന്ന കരട് തയ്യാറാക്കുന്നതാണ് അർത്ഥവത്താകുന്നത് എന്നാണ്. അതിനാൽ ഇതുപരിശോധിക്കുമ്പോൾ താങ്കൾ പരിഗണിക്കുന്ന പ്രക്രിയയിൽ നമ്മൾ പരസ്പരം ശരിയായി മനസ്സിലാക്കിയിട്ടുണ്ടോ എന്ന് താങ്കൾക്ക് ബോധ്യമാകും. ഞങ്ങളുടെ ഭാവി പ്രവർത്തനത്തിന് അത് വളരെ പ്രധാനമാണ്.

ഞാൻ ഇതിനകം എന്റെ സുഹൃത്തുക്കളുമായി ഈ അഭിപ്രായങ്ങൾ കൈമാറുകയും താങ്കളുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും ലഭിക്കുന്നതിനായി അതിന്റെ ഡ്രാഫ്റ്റ് താങ്കൾക്ക് അയയ്ക്കുകയും ചെയ്യുന്നു.

11

വ്യത്യസ്ത ഡ്രാഫ്റ്റുകളെക്കുറിച്ച് ലണ്ടനിൽ ഞങ്ങൾ നടത്തിയ ചർച്ചയ്ക്കിടെ അതിന്റെ തലക്കെട്ടിലെ 'തൊഴിലാളികളുമായി' എന്തെങ്കിലും ബന്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത എപ്പോഴും അടിവരയിട്ടിരുന്നതായി ഞാൻ ശ്രദ്ധിച്ചു.

'ഒരു പുരോഗമന തൊഴിലാളി ഗവൺമെന്റിനും പീപ്പിൾസ് ഡെമോക്രാറ്റിക് ഇംഗ്ലണ്ടിനും വേണ്ടി' എന്ന തലക്കെട്ട് നിർദ്ദേശിച്ച ഡ്രാഫ്റ്റിൽ ഉള്ളതിനേക്കാൾ മികച്ചതായിരിക്കുമെന്ന് ഒരു നിർദ്ദേശമുണ്ട്.

എന്നെ സംബന്ധിച്ചിടത്തോളം നിങ്ങളെ വീണ്ടും കണ്ടുമുട്ടുന്നത് വളരെ സന്തോഷകരമാണ്.ആശംസകളോടേയും വിപ്ലവ സാഹോദര്യത്തോടെയും , നിങ്ങളുടെ (ഹാരി പോളിറ്റ്)

നെക്രസോവ് വിവർത്തനം ചെയ്തത്.

RGASPI, Fond 558, Opis 11, Delo 288, Listy 4.

Xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx

സഖാവ് ഹാരി പോളിറ്റിന്,

'ഫോർ പീപ്പിൾസ് പാർലമെന്റ് ആൻഡ് പീപ്പിൾസ് ഇംഗ്ലണ്ട്' എന്ന പരിപാടിയുടെ ഡ്രാഫ്റ്റിനൊപ്പം നിങ്ങളുടെ കത്ത് ലഭിച്ചു. ഈ രേഖ എന്നെത്തന്നെ പരിചയപ്പെടുത്തുനന്തിൽ, ഞാൻ നിങ്ങളുടെ അഭ്യർത്ഥന നിറവേറ്റുകയും നിങ്ങൾ അയച്ച പ്രോഗ്രാമിന്റെ ഡ്രാഫ്റ്റിനെക്കുറിച്ചുള്ള എന്റെ അഭിപ്രായങ്ങൾ നൽകുകയും ചെയ്യുന്നു.

1. ലേബർ പാർട്ടിയുടെ നേതൃത്വത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ചുള്ള പകുതിമനസ്സോടെയുള്ള വിമർശനം

രേഖയുടെ ഗുരുതരമായ പോരായ്മയാണ്. ഡ്രാഫ്റ്റ് പ്രോഗ്രാമിലെ ലേബർ പാർട്ടിയെക്കുറിച്ചുള്ള വിമർശനം ഭീരുത്വപരവും അപര്യാപ്തവുമാണ്. തങ്ങളുടെ പാർട്ടിയുടെ പരിപാടിയിൽ ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ തുറന്ന് പറയണം, ലേബർ പാർട്ടിക്കാർ ഒട്ടും സോഷ്യലിസ്റ്റുകളല്ലെന്നും വാസ്തവത്തിൽ കൺസർവേറ്റീവ് പാർട്ടിയുടെ ഇടതുപക്ഷക്കാരാണ്അവരെന്നും . ഒരു ലേബർ ഗവൺമെന്റിന് കീഴിൽ മുതലാളിമാർക്ക് നല്ല സുഖം അനുഭവപ്പെടുകയും അവരുടെ ലാഭം വർദ്ധിക്കുകയും ചെയ്യുന്നുവെന്നും ഈ ഒരു വസ്തുത തന്നെ പറയുന്നതോടൊപ്പം ഇവർ ഒരു തരത്തിലും സോഷ്യലിസം കെട്ടിപ്പടുക്കാൻ പോകുന്നില്ലെന്നും കൂടുതൽ വ്യക്തമായി പറയേണ്ടതുണ്ട്.

2. ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ ബ്രിട്ടീഷ് സാമ്രാജ്യത്തെ നശിപ്പിക്കാൻ ശ്രമിക്കുന്നുവെന്ന ആരോപണത്തിന് കരട് പരിപാടി ഉത്തരം നൽകുന്നില്ല. ഒഴിഞ്ഞുമാറാൻ പറ്റാത്തതും നേരിട്ടുള്ള ഉത്തരം നൽകേണ്ടതുമായ ഈ ചോദ്യത്തിന് സവിശേഷമായ പ്രാധാന്യമുണ്ട്. ബ്രിട്ടനെ നശിപ്പിക്കുന്നത് ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകാരല്ല, മറിച്ച് തങ്ങളുടെ അടിച്ചമർത്തലുകളും കൊളോണിയൽ കൊള്ളയും വഴി ബ്രിട്ടനെ ദുർബലപ്പെടുത്തുകയും അതിന്റെ ശിഥിലീകരണത്തിലേക്ക് നയിക്കുകയും ചെയ്യുന്ന യാഥാസ്ഥിതികരും-കണ്സർവേറ്റീവ്സും-ലേബറൈറ്റ്സും ആണ് എന്ന് നേരിട്ട് പ്രഖ്യാപിക്കേണ്ടത് ആവശ്യമാണ്; നേരെമറിച്ച്, ബ്രിട്ടനെ ഒരു പുതിയ ജനാധിപത്യ അടിത്തറയിൽ ശക്തിപ്പെടുത്തുക, ബ്രിട്ടീഷ് സാമ്രാജ്യം രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ജനങ്ങൾ തമ്മിലുള്ള അസാധാരണമായ ബന്ധങ്ങൾ അവസാനിപ്പിക്കുക, സമത്വത്തിന്റെ അടിസ്ഥാനത്തിൽ ഇംഗ്ലീഷുകാർക്ക് അവരുമായി സൗഹൃദം സ്ഥാപിക്കുക എന്ന ലക്ഷ്യം കമ്മ്യൂണിസ്റ്റുകൾ അവരുടെ മുന്നിൽ വെച്ചിട്ടുണ്ട്.. .

3. സോഷ്യലിസത്തിനായുള്ള പോരാട്ടത്തിൽ പരമ്പരാഗത ഇംഗ്ലീഷ് സ്ഥാപനങ്ങളെ (പാർലമെന്റ് ) ഉപയോഗപ്പെടുത്തുക എന്ന ദൗത്യം പ്രോഗ്രാമിന്റെ കരട് ശരിയായി മുന്നോട്ട് വയ്ക്കുന്നു. ഇംഗ്ലണ്ടിൽ സോവിയറ്റ് ശക്തി സ്ഥാപിക്കുമെന്ന് ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകാരുടേ മുകളിൽ ആരോപണമായി പ്പറയുന്നത് എല്ലാവർക്കും അറിയാം. അതിനാൽ, ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ പാർലമെന്റിനെ നിയമവിരുദ്ധമാക്കാൻ പോകുന്നില്ലെന്നും, സോഷ്യലിസത്തിലേക്ക് ഇംഗ്ലണ്ട് വരേണ്ടത് സ്വന്തം പാതയിലൂടെയാണെന്നും സോവിയറ്റ് ശക്തിയിലൂടെയല്ല, ജനങ്ങളിലൂടെയാണെന്നും പ്രോഗ്രാമിന്റെ കരട് രേഖയിൽ

വളരെ വ്യക്തമായും നിശ്ചയമായും പ്രസ്താവിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മുതലാളിമാരല്ല, ജനങ്ങളുടെ ശക്തിയാൽ നയിക്കപ്പെടുന്ന ജനാധിപത്യത്തെ നയിക്കുന്നത് തൊഴിലാളിവർഗത്തിന്റെ ഒരു കൂട്ടുകെട്ടിനെ പ്രതിനിധീകരിക്കുന്ന ജനശക്തി, തൊഴിലാളിവർഗം, അധ്വാനിക്കുന്ന ബുദ്ധിജീവികൾ, നഗരങ്ങളിലെ ഇടത്തരക്കാർ ഇടത്തരം, കർഷകർ എന്നിവരായിരിക്കണം

ഈ അധികാരം പാർലമെന്റിലൂടെ പ്രവർത്തിക്കുമെന്ന് കമ്മ്യൂണിസ്റ്റുകൾ പ്രഖ്യാപിക്കണം. ഇംഗ്ലീഷുകാർക്ക് സമാധാനം, ഉയർന്ന വേതനം, ഇംഗ്ലീഷ് വ്യവസായത്തിനും ഇംഗ്ലീഷ് ഉൽപന്നങ്ങൾക്കുള്ള വിപണികൾക്കും അസംസ്കൃത വസ്തുക്കൾ എന്നിവ നൽകാൻ ഈ സഖ്യത്തിന് മാത്രമേ കഴിയൂ എന്ന് പ്രോഗ്രാം അടിവരയിടണം. സോഷ്യലിസത്തിലേക്കുള്ള പാതയിലേക്കുള്ള ഇംഗ്ലണ്ടിന്റെ മുന്നേറ്റത്തിന്റെ പാതയെന്ന നിലയിൽ പീപ്പിൾസ് ഡെമോക്രസിയെക്കുറിച്ച് പ്രോഗ്രാം സംസാരിക്കണം.
പീപ്പിൾസ് ഡെമോക്രസി രാജ്യങ്ങൾ. സോഷ്യലിസത്തിലേക്ക് നീങ്ങുകയാണ്.

12

4. പരിപാടിയുടെ കരട് കമ്മ്യൂണിസ്റ്റിന്റെ സമരത്തിന്റെ ദൗത്യത്തെ വേണ്ടത്ര അടിവരയിടുന്നില്ല.
അമേരിക്കൻ സാമ്രാജ്യത്വത്തിൽ നിന്ന് ഇംഗ്ലണ്ടിന്റെ ദേശീയ സ്വാതന്ത്ര്യത്തിനായുള്ള പാർട്ടി. അമേരിക്കൻ മൂലധനത്തിന് രാജ്യത്തെ കീഴ്പ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ലേബറൈറ്റ്സ് നേതൃത്വത്തിന്റെ ചൂഷണ രാഷ്ട്രീയത്തെ തുറന്നുകാട്ടുന്നതിൽ ശക്തമായും സ്ഥിരമായും പങ്കെടുക്കുന്നതിനാൽ ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ ഇംഗ്ലീഷ് ജനതയുടെ ദേശീയ താൽപ്പര്യങ്ങളുടെ യഥാർത്ഥ സംരക്ഷകരാണെന്ന് പ്രോഗ്രാമിൽ കാണിക്കേണ്ടത് ആവശ്യമാണ്. യാഥാസ്ഥിതികർക്ക്-കൺസർവേറ്റീവ്സിനു പോലും അമേരിക്കയിലെ മുതലാളിമാരുമായി ലേബറൈറ്റ്സുകളെ പ്പോലെ ശക്തമായ ഒരു സഖ്യം ഉണ്ടായിരുന്നില്ലെന്ന് പ്രോഗ്രാമിൽ അടിവരയിടുന്നത് വളരെ പ്രധാനമാണ്. തൊഴിലാളികൾ അമേരിക്കയിലെ സാമ്രാജ്യത്വ ഗ്രൂപ്പുകൾക്ക് നേരിട്ട് കീഴടങ്ങുകയും ഇംഗ്ലണ്ടിന്റെ ദേശീയ താൽപ്പര്യങ്ങളെ പരസ്യമായി ഒറ്റുകൊടുക്കുകയും ചെയ്യുന്നു.

5.സുസ്ഥിരവും നീണ്ടുനിൽക്കുന്നതുമായ സമാധാനത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ ഡ്രാഫ്റ്റ് പ്രോഗ്രാമിൽ വിശദമായി

വിശദീകരിക്കേണ്ടത് അത്യാവശ്യമാണ്, ആയുധ മത്സരത്തിന്റെ രാഷ്ട്രീയം, ഇംഗ്ലണ്ടിനെ ഒരു പുതിയ ലോകമഹായുദ്ധത്തിനുള്ള ഒരു അമേരിക്കൻ മുന്നണിയാക്കി മാറ്റുന്നത് ഇംഗ്ലണ്ടിന്റെ ദേശീയ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണ്. ഇത് ഇംഗ്ലീഷുകാർക്ക് വളരെ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. പരിപാടിയുടെ കരട് രേഖയിൽ പരാമർശിച്ചിരിക്കുന്ന പോരാട്ടത്തിന്റെ ആത്യന്തിക ലക്ഷ്യങ്ങളുടെ നേട്ടം സമാധാനത്തിനും ഒരു പുതിയ യുദ്ധത്തിന്റെ ഭീഷണിയ്ക്കുമെതിരായ ജനങ്ങളുടെ എല്ലാ പോരാട്ടങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കാണിക്കേണ്ടത് ആവശ്യമാണ്.

6. 'ദേശീയവൽക്കരിക്കപ്പെട്ട' വ്യവസായ ശാഖകളുടെ മുൻ ഉടമകൾക്ക് വലിയ നഷ്ടപരിഹാരം നൽകുന്ന നയത്തെ അടിസ്ഥാനമാക്കിയുള്ള ലേബർ ദേശസാൽക്കരണ നയത്തിന്റെ സാരാംശം പ്രോഗ്രാമിന്റെ കരട് കൃത്യമായി വിശദീകരിക്കുന്നു. പ്രോഗ്രാമിന്റെ ഈ ഭാഗത്ത് ഇംഗ്ലീഷ് തൊഴിലാളികൾ സോഷ്യലിസ്റ്റ് ദേശസാൽക്കരണം ആഗ്രഹിക്കുന്നുവെന്ന് പ്രസ്താവിക്കണം. ദേശസാൽകൃത വ്യവസായങ്ങളുടെ നടത്തിപ്പിൽ പങ്കാളികളാകാൻ അവർ ആഗ്രഹിക്കുന്നു, മുതലാളിമാർ 'ദേശീയവൽക്കരിക്കപ്പെട്ട' വ്യവസായങ്ങൾ വൻതോതിൽ ലാഭം നേടിക്കൊണ്ട് നിയന്ത്രിക്കുന്നത് തുടരുന്ന സമ്പ്രദായം അവസാനിപ്പിക്കണമെന്നവരാഗ്രഹിക്കുന്നു
XXXXXX

ഡ്രാഫ്റ്റ് പ്രോഗ്രാമിന്റെ ഘടനയിലും അവതരണത്തിന്റെ സവിശേഷതകളിലും ഇത് ശ്രദ്ധിക്കേണ്ടതാണ്
ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റ് പാർട്ടി പലപ്പോഴും പാർലമെന്റ് തെരഞ്ഞെടുപ്പിൽ പ്രവേശിക്കുന്ന ഒരു തിരഞ്ഞെടുപ്പിന്റെ തുറന്ന വേദിയെ കൂടുതൽ ശ്രദ്ധേയമായി ഓർമ്മപ്പെടുത്തുന്നു, അല്ലാതെ അത് ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു പ്രോഗ്രാമല്ല. ദീർഘകാലത്തേക്ക് കണക്കാക്കുകയും ഇംഗ്ലീഷ് ജനതയ്ക്ക് ദിശാബോധവും ആദർശവും നൽകുകയും ചെയ്യുന്ന ഈ പ്രോഗ്രാമിലെ ചില പോരായ്മകൾ ചൂണ്ടിക്കാട്ടിയത് പരിഹരിക്കുന്നതിന്, പൊതുവായ ആമുഖത്തിന് ശേഷം ഇനിപ്പറയുന്ന കാര്യങ്ങൾ ഭാഗികമായി അവതരിപ്പിക്കുന്നത് ഉചിതമായിരിക്കും.

1. ശാശ്വത സമാധാനത്തിനും ഒരു പുതിയ യുദ്ധത്തിന്റെ ഭീഷണിയ്ക്കെതിരായ പോരാട്ടത്തിൽ പാർട്ടിയുടെ ചുമതലകൾ.

2. ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകൾ മാത്രമാണ് ഇംഗ്ലണ്ടിന്റെ ദേശീയ സ്വാതന്ത്ര്യത്തിനായുള്ള ഒരു ജനാധിപത്യ അടിത്തറയിൽ ബ്രിട്ടീഷ് സാമ്രാജ്യം ശക്തിപ്പെടുത്തുന്നതിന്റെ ശരിയായ ചാമ്പ്യൻ
3. ഇംഗ്ലണ്ട് സോഷ്യലിസത്തിലേക്ക് വരുന്നത് സ്വന്തം പാതയിലൂടെയാണ് - സോവിയറ്റ് ശക്തിയിലൂടെയല്ല, മറിച്ച് പീപ്പിൾസ് ഡെമോക്രസിമാർഗ്ഗത്തിലൂടെയാണ്.

4 നമ്മൾക്ക് വേണ്ടത് മുതലാളിത്തമല്ല, ഇംഗ്ലണ്ടിലെ തൊഴിലാളിവർഗത്തിന്റെ നേതൃത്വത്തിൽ സോഷ്യലിസ്റ്റ് ദേശസാൽക്കരണമാണ്.

5. തൊഴിലാളികളുടെ വേതന വർദ്ധനവാണ് പാർട്ടിയുടെ അടിയന്തര ദൗത്യം.
മുകളിൽ സൂചിപ്പിച്ച അവതരണത്തിന്റെ സ്വഭാവം എന്താണ് എന്നവസ്തുത ശരിയായി ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്. അത് വിശാലമായ ഇംഗ്ലീഷ് ജനതയ്ക്ക് വ്യക്തവുമായി മനസ്സിലാക്കാവുന്നതാകണം .

നിങ്ങൾ തയ്യാറാക്കിയ ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പരിപാടി, പാർട്ടിയുടെ വളർച്ചയ്ക്കും വികാസത്തിനും, ഇംഗ്ലണ്ടിലെ തൊഴിലാളികളുടെ ബഹുജനങ്ങളിൽ അതിന്റെ സ്ഥാനം ശക്തിപ്പെടുത്തുന്നതിനും ഇംഗ്ലീഷ് കമ്മ്യൂണിസ്റ്റുകളെ പിന്തുണയ്ക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സഹായിക്കും. അവർക്കിടയിൽ. അത്തരമൊരു പരിപാടി ഇംഗ്ലീഷ് തൊഴിലാളിവർഗത്തിന് മൂർച്ചയുള്ളതും വ്യക്തവുമായ ദിശാബോധം നൽകുകയും ഇംഗ്ലീഷ് ജനതയുടെ സുപ്രധാന താൽപ്പര്യങ്ങൾക്കായുള്ള പോരാട്ടത്തിന്റെ പാതയിലേക്ക് വിരൽ ചൂണ്ടുകയും ചെയ്യും.

ബഹുമാനത്തോടെ
നിങ്ങളുമായി
ചർച്ചയിൽ പെങ്കടുത്ത സഹപങ്കാളി,സ്റ്റാലിൻ
1950 സെപ്റ്റംബർ 28.

RGASPI, Fond 558, Opis 11, Delo 288, Listy 84-87.
ഇംഗ്ലീഷിൽ നിന്നുള്ള വിവർത്തനം

xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx

ഹാരി പോളിറ്റുമായി സഖാവ് സ്റ്റാലിൻ നടത്തിയ കൂടിക്കാഴ്ച്ചയുടെ ട്രാൻസ്ക്രിപ്റ്റ്
1951 ജനുവരി 5
സാന്നിദ്ധ്യം: സഖാക്കൾ വി.എം. മൊളോടോവ്, പാവ്ലോവ് (വ്യാഖ്യാതാവ്).

പാർട്ടി രേഖ -ഇംഗ്ലണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പരിപാടിയുടെ കരട്- നന്നായിട്ടുണ്ടെന്ന് സഖാവ് സ്റ്റാലിൻ പറഞ്ഞു.

ഇത് അന്തിമ ഡ്രാഫ്റ്റാണെന്നും സഖാവ് സ്റ്റാലിന്റെ സെപ്റ്റംബറിലെ കത്ത് അനുസരിച്ചാണ് തയ്യാറാക്കിയതെന്നും പോളിറ്റ് മറുപടി നൽകി.
കരട് രേഖയിൽ ചില ഭേദഗതികൾ വരുത്തിയിട്ടുണ്ടെന്നും ഈ ഭേദഗതികളെക്കുറിച്ച് പോളിറ്റിന്റെ അഭിപ്രായം അറിയണമെന്നും സഖാവ് സ്റ്റാലിൻ പറഞ്ഞു. അദ്ദേഹം, സഖാവ് സ്റ്റാലിൻ, കോമൺവെൽത്ത് രാജ്യങ്ങളിൽ പ്രവേശിക്കുന്ന രാജ്യങ്ങളുടെ സമത്വത്തിന്റെ പ്രശ്നത്തെക്കുറിച്ച് ഡ്രാഫ്റ്റ് സംസാരിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെടുത്തി.

പത്രങ്ങളിലോ പൊതു പ്രസംഗങ്ങളിലോ രാഷ്ട്ര സമത്വത്തെക്കുറിച്ച് സംസാരിക്കാം. എന്നിരുന്നാലും, ഇത് ശാസ്ത്രീയമല്ല. രാഷ്ട്രങ്ങളുടെ സമത്വത്തെക്കുറിച്ചല്ല, രാഷ്ട്രങ്ങളുടെ തുല്യാവകാശങ്ങളെക്കുറിച്ചു സംസാരിക്കുന്നതാണ് കൂടുതൽ ഉചിതം. ഒരു മനുഷ്യൻ മറ്റൊരു രാജ്യത്തിലുള്ളവന് തുല്യനാകാൻ കഴിയാത്തതുപോലെ ഒരു രാജ്യത്തിന് മറ്റൊന്നിന് ഒപ്പം തുല്യമാകാൻ കഴിയില്ല. ഉദാഹരണത്തിന്, ഇംഗ്ലീഷ് സർക്കാരിൽ നിന്ന് മലയൻ രാഷ്ട്രത്തിന് എന്ത് ഇളവുകൾ ലഭിച്ചാലും, ഇംഗ്ലീഷ് രാഷ്ട്രത്തിന്റെ സാംസ്കാരിക നിലവാരം മലയൻ രാഷ്ട്രത്തേക്കാൾ ഉയർന്നതായതിനാൽ മലയൻ രാഷ്ട്രം ഉടൻ തന്നെ ഇംഗ്ലീഷ് രാഷ്ട്രത്തിന് തുല്യമാകില്ല. കൂടാതെ, ഇംഗ്ലീഷ് രാഷ്ട്രത്തിന് മലയൻ രാഷ്ട്രത്തെ അപേക്ഷിച്ച് താരതമ്യപ്പെടുത്താനാവാത്തവിധം കൂടുതൽ സജ്ജീകരിച്ച കേഡർ -അനുയായി വൃന്ദം ഉണ്ട്.

തൽഫലമായി, രാഷ്ട്രങ്ങൾക്ക് തുല്യതയല്ല, തുല്യ അവകാശങ്ങൾ നൽകുന്നതിനെക്കുറിച്ച് നമുക്ക് സംസാരിക്കാം, അത് ഒരു രാഷ്ട്രം മറ്റേതിനേക്കാൾ നന്നായി ഉപയോഗിക്കും. അദ്ദേഹം, സഖാവ് സ്റ്റാലിൻ, സഖാവ് പോളിറ്റ് അതിനോട് യോജിക്കുന്നുണ്ടോ എന്ന് അറിയാൻ ആഗ്രഹിക്കുന്നു.

ഈ ഭേദഗതിയോട് താൻ പൂർണമായും യോജിക്കുന്നുവെന്ന് പോളിറ്റ് ഉത്തരം നൽകുന്നു.

പരിപാടിയിൽ ദേശസാൽക്കരണത്തെക്കുറിച്ചുള്ള ചോദ്യം വ്യക്തമായി മുന്നോട്ട് വച്ചിട്ടില്ലെന്ന് സഖാവ് സ്റ്റാലിൻ പറയുന്നു. ഈ കണക്കിൽ പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിൽ, മുഴുവൻ ഭൂസ്വത്തും ദേശസാൽക്കരിക്കപ്പെടുമെന്ന് ഒരാൾക്ക് നിഗമനം ചെയ്യാം.സഖാവ് സ്റ്റാലിൻ പറയുന്നു, കാർഷിക മേഖലയിലെ ചെറുകിട ഭൂവുടമകളുടെ ഭൂസ്വത്ത് ദേശസാൽക്കരിക്കരുതെന്ന് ഞങ്ങൾ കരുതുന്നു. സഖാവ് പൊളിറ്റിന് തൊഴിലാളിവർഗ്ഗം, അധ്വാനിക്കുന്ന ബുദ്ധിജീവികൾ, നഗരങ്ങളിലെ താഴ്ന്ന, ഇടത്തരം വിഭാഗങ്ങൾ, ഗ്രാമങ്ങളിലെ ചെറുകിട സ്വത്തുടമകൾ എന്നിവരുമായി ഒരു സഖ്യം സ്ഥാപിക്കണമെങ്കിൽ ചെറുകിട ഭൂസ്വത്ത് ദേശസാൽക്കരണം നിഷേധിക്കണം. ഇതിൽ അപകടകരമായ ഒന്നും തന്നെയില്ല. ഉദാഹരണത്തിന് പീപ്പിൾസ് ഡെമോക്രസി രാജ്യങ്ങളിൽ ചെറിയ ഭൂവുടമസ്ഥത ദേശസാൽക്കരിക്കപ്പെട്ടിട്ടില്ല.

ദേശസാൽക്കരിക്കപ്പെടാൻ പോകുന്ന വസ്തുവിന്റെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്ന വിഷയത്തിൽ ഒരു ഭേദഗതി നിർദ്ദേശിക്കാൻ താൻ ആഗ്രഹിക്കുന്നുവെന്ന് സഖാവ് സ്റ്റാലിൻ തുടരുന്നു. പ്രോഗ്രാമിന്റെ ഡ്രാഫ്റ്റ്, ബുദ്ധിമുട്ടുള്ള ഭൗതികസാഹചര്യത്തിൽ കാണപ്പെടുന്ന സ്വത്ത് ഉടമകൾക്കുള്ള നഷ്ടപരിഹാരം ഒഴികെയുള്ള ഒരു നഷ്ടപരിഹാരവും ദൃശ്യമാക്കുന്നില്ല.

സഖാവ് സ്റ്റാലിൻ, ജനകീയ സർക്കാരുമായി വിശ്വസ്ത ബന്ധം പുലർത്തുന്നവർക്ക് ചെറിയ സൗജന്യങ്ങൾ അനുവദിക്കുകയും എന്നാൽ ജനകീയ സർക്കാരിനെ ചെറുക്കുന്ന ദേശസാൽകൃത സ്വത്തിന്റെ ഉടമകൾക്ക് നഷ്ടപരിഹാരം നിഷേധിക്കുന്നതും അത്തരത്തിലല്ലാത്ത വസ്തു ഉടമകൾക്ക് ഈരീതിയിൽ ഭാഗികമായ നഷ്ടപരിഹാരം നൽകുന്നതിനെക്കുറിച്ചും ചിന്തിക്കേണ്ടത് ആവശ്യമാണെന്ന് അദ്ദേഹം കരുതുന്നു.
സഖാവ് പോളിറ്റ് കരുതിയതുപോലെ , സഖാവ് സ്റ്റാലിൻ പ്രോഗ്രാമിന്റെ കരടിനെ വലതുപക്ഷ നിലപാടിൽ നിന്ന് വിമർശിക്കുന്നു എന്ന് തമാശയായി അഭിപ്രായപ്പെട്ടു.
സഖാവ് സ്റ്റാലിൻ നടത്തിയ ഡ്രാഫ്റ്റിനെക്കുറിച്ചുള്ള വിമർശനം പൂർണ്ണമായും ന്യായീകരിക്കപ്പെടുന്നുവെന്ന് പോളിറ്റ് ചിരിച്ചുകൊണ്ട് പറഞ്ഞു.

പീപ്പിൾസ് ഡെമോക്രസി - സോഷ്യലിസത്തിലേക്കുള്ള വഴി എന്ന തലക്കെട്ടിലുള്ള ഭാഗത്തെ അനുഭവം കാണിക്കുന്നത് പോലെ, പീപ്പിൾസ് ഡെമോക്രസിയുടെ പാതയിലൂടെ സോഷ്യലിസത്തിലേക്ക് നീങ്ങാൻ കഴിയുമെന്ന് പറയുന്ന ഭാഗം സഖാവ് സ്റ്റാലിൻ വായിക്കുന്നു. പടിഞ്ഞാറൻ യൂറോപ്പിലെ പീപ്പിൾസ് ഡെമോക്രസി രാജ്യങ്ങളിലും പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയിലും അത് നടപ്പായി എന്നു പ്രസ്താവിച്ചിരിക്കുന്നു..

പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന ഇതുവരെ പീപ്പിൾസ് ഡെമോക്രസിയുടെ ഘട്ടത്തിൽ എത്തിയിട്ടില്ലാത്തതിനാൽ ഈ പ്രസ്താവന കൃത്യമല്ലെന്ന് സഖാവ് സ്റ്റാലിൻ പറയുന്നു. ചൈനയിൽ ദേശീയ ബൂർഷ്വാസിയെ ഇപ്പോഴും സ്പർശിക്കാതെ അവർ തുടരുകയാണ് ; ദേശസാൽക്കരണം എന്നത് ജപ്പാന്റെ സ്വത്ത് മാത്രം ഏറ്റെടുത്തുകൊണ്ടുള്ളതാണ്. തൽക്കാലം ദേശീയ ബൂർഷ്വാസിയെ അവർ തൊട്ടിട്ടില്ല എന്നത് ശരിയാണെന്ന് ചൈനക്കാർ പറയുന്നു.



തൽഫലമായി, ഡ്രാഫ്റ്റിൽ പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയെ ഉദ്ധരിച്ചു പറയുവാനൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഇംഗ്ലീഷ് ബൂർഷ്വാസിയുടെ വൻകിട സ്വകാര്യ സ്വത്തിന്റെ ദേശസാൽക്കരണം ഡ്രാഫ്റ്റ് മുൻകൂട്ടി കാണുന്നതിനാൽ അതുതമ്മിൽ ഒരു യോജിപ്പും ഉണ്ടാകില്ല.
പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയുടെ ഉദാഹരണം പരാമർശിക്കുന്നതിലെ തെറ്റ് താൻ മനസ്സിലാക്കുന്നുവെന്ന് പോളിറ്റ് ഉത്തരം നൽകുന്നു.
മുതലാളിമാർ തങ്ങളുടെ സ്വത്തും ആനുപാതികമല്ലാത്ത ലാഭവും ഇംഗ്ലീഷുകാർക്ക് വേണ്ടി സ്വമേധയാ വിട്ടുകൊടുക്കില്ല എന്ന് പ്രോഗ്രാമിൽ ഇംഗ്ലീഷുകാർക്ക് മുന്നറിയിപ്പ് നൽകുന്നത് ഉചിതമായിരിക്കുമെന്ന് സഖാവ് സ്റ്റാലിൻ പറയുന്നു.

ജനങ്ങളുടെ പാർലമെന്റിന്റെ തീരുമാനങ്ങളെ അവർ സജീവമായി ചെറുക്കണമെന്നും ബലപ്രയോഗം ഉൾപ്പെടെയുള്ള തങ്ങളുടെ പ്രത്യേകാവകാശങ്ങൾ സംരക്ഷിക്കുന്നതിനായി എല്ലാ മാർഗങ്ങളിലൂടെയും പോരാടുമെന്നും നിർദ്ദേശിക്കുന്നതാണ് കൂടുതൽ ഉചിതം. അതുകൊണ്ടാണ് ഇത്തരം ശ്രമങ്ങൾക്ക് തക്കതായ മറുപടി നൽകാൻ ഇംഗ്ലീഷ് ജനതയും ജനകീയ സർക്കാരും സ്വയം പ്രതിരോധത്തിന് തയ്യാറാകേണ്ടത്. ഇത് പ്രോഗ്രാമിൽ പറയണം.

താൻ ഇതിനോട് യോജിക്കുന്നുവെന്ന് പോളിറ്റ് മറുപടി നൽകി. 'സോഷ്യലിസ്റ്റ് ദേശസാൽക്കരണം' എന്ന ശീർഷകത്തിൽ ചെറുകിട കച്ചവടക്കാരും അതിന്റെ നടത്തിപ്പുകാരും കുത്തകകൾ അടിച്ചേൽപ്പിക്കുന്ന നിയന്ത്രണങ്ങളിൽ നിന്ന് മോചിതരാകുമെന്ന് പറയുന്ന ഭാഗത്ത്, 'ചെറുകിട കച്ചവടക്കാരും മേലാളന്മാരായ മാനേജറന്മാരും എന്ന വാക്കിന് ശേഷം, 'കൂടാതെ,' എന്ന വാക്കിന് പകരം കാർഷിക മേഖലയിലെ ചെറുകിട സ്വത്തുടമകളെ എന്ന് കൂട്ടിച്ചേർക്കണെമെന്ന് .അദ്ദേഹം നിർദ്ദേശിക്കുന്നതായി സഖാവ് സ്റ്റാലിൻ പറഞ്ഞു.

സ്ത്രീകൾക്കും പുരുഷന്മാർക്കും ജോലിക്ക് തുല്യമായ വേതനം ചർച്ച ചെയ്യുന്ന 'സാമൂഹിക സേവനം' എന്ന വിഭാഗത്തിൽ 'തുല്യമായ ജോലിക്ക്' എന്ന വാക്കുകൾ ചേർക്കണമെന്നും സ്റ്റാലിൻ സഖാവ് കൂട്ടിച്ചേർത്തു.

സഖാവ് സ്റ്റാലിൻ തുടരുന്നു, സ്വതന്ത്രവും സന്തുഷ്ടവുമായ സോഷ്യലിസ്റ്റ് ബ്രിട്ടൻ സ്ഥാപിക്കുന്ന പരിപാടിയുടെ ഡ്രാഫ്റ്റിന്റെ അവസാനം, 'മനുഷ്യരാശിയുടെ വിമോചനത്തിനും' എന്ന വാക്കുകൾ നീക്കം ചെയ്യുകയും വാചകം ഇനിപ്പറയുന്ന രീതിയിൽ അവസാനിപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. 'സ്വതന്ത്രവും സന്തുഷ്ടവും ശക്തവുമായ സോഷ്യലിസ്റ്റ് ഗ്രേറ്റ് ബ്രിട്ടന്റെ സ്ഥാപനം' എന്ന് വാക്കുകൾ മാറ്റണം. ബ്രിട്ടനെക്കുറിച്ച് മാത്രം ഡ്രാഫ്റ്റിൽ പറയുന്നത് ഇംഗ്ലണ്ടിലെ സി.പി ഡൊമിനിയൻ റിപ്പബ്ളിക്കൻ ആധിപത്യങ്ങളും മറ്റ് ഇംഗ്ലീഷ് ഉടമസ്ഥതകളും ഉപേക്ഷിക്കുന്നു എന്ന തോന്നൽ സൃഷ്ടിച്ചേക്കാം.

ഗ്രേറ്റ് ബ്രിട്ടനിൽ എന്നാൽ ഇംഗ്ലണ്ട്, വെയിൽസ്, സ്കോട്ട്ലൻഡ് എന്നിവ മാത്രം ഉൾപ്പെടുന്നതിനാൽ, സ്വതന്ത്രവും സന്തുഷ്ടവും ശക്തവും ശക്തവുമായ സോഷ്യലിസ്റ്റ് ബ്രിട്ടനും കോമൺവെൽത്ത് ഓഫ് നേഷൻസും സ്ഥാപിക്കുന്നതിനെക്കുറിച്ച് പരാമർശിക്കുന്നത് നല്ലതായിരിക്കുമെന്ന് പോളിറ്റ് പറഞ്ഞു. 'മനുഷ്യരാശിയുടെ വിമോചനം' എന്ന വാക്കുകളെ സംബന്ധിച്ചിടത്തോളം, ഇവ വാചാടോപമാണ്, വാസ്തവത്തിൽ ഇവ ഒഴിവാക്കപ്പെടേണ്ടതാണ്. 'ഗ്രേറ്റ് ബ്രിട്ടൻ' എന്ന വാക്ക് 'ബ്രിട്ടൻ ആൻഡ് കോമൺവെൽത്ത് നേഷൻസ്' എന്ന വാക്കുകൾക്കു പകരം ഉപയോഗിച്ച് മാറ്റണമെന്ന് സഖാവ് സ്റ്റാലിനും സമ്മതിച്ചു.

സഖാവ് സ്റ്റാലിൻ പറയുന്നു, 'ഇംഗ്ലീഷ് ജനതയുടെയും ബ്രിട്ടീഷ് സാമ്രാജ്യത്തിലെ എല്ലാ ജനങ്ങളുടെയും ദേശീയ സ്വാതന്ത്ര്യം' എന്ന വിഭാഗത്തിൽ, 'സമകാലിക സാമ്രാജ്യത്തിലെ ജനങ്ങൾ 'തമ്മിലുള്ള എല്ലാ ബന്ധങ്ങളും രാഷ്ട്രീയവും സാമ്പത്തികവും സൈനികവുമായ ആധിപത്യത്തിൽ അധിഷ്ഠിതമായിരിക്കുന്നത് അവസാനിക്കണം.സമ്പൂർണ്ണ ദേശീയ സ്വാതന്ത്ര്യത്തിലും സമത്വത്തിലും അധിഷ്ഠിതമായ പുതിയ ബന്ധങ്ങളായി അവ പരിണമിക്കുകയും ചെയ്യണം.

കൊളോണിയൽ, ആശ്രിത രാജ്യങ്ങളുടെ പ്രദേശങ്ങളിൽ നിന്നുള്ള എല്ലാ സൈനികരെയും ഇംഗ്ലീഷ് അഡ്മിനിസ്ട്രേറ്റീവ് ഉദ്യോഗസ്ഥരെയും തിരിച്ചുവിളിച്ച്, ജനങ്ങൾ സ്വതന്ത്രമായി തിരഞ്ഞെടുക്കുന്ന സർക്കാരുകൾക്ക് പരമാധികാരം കൈമാറുകയും  വ്യവസായങ്ങളും വ്യാപാരികളും കുത്തക ബാങ്കുകളും കൈക്കലാക്കിയിരിക്കുന്ന സമ്പത്തും പ്രകൃതി വിഭവങ്ങളും ഈ രാജ്യങ്ങളിലെ ജനങ്ങൾക്ക് തിരികെ നൽകുകയും വേണം.

സഖാവ് സ്റ്റാലിൻ, 'വ്യവസായങ്ങളും വ്യാപാരികളും ബാങ്ക് കുത്തകകളും കൈവശപ്പെടുത്തിയ അവരുടെ സമ്പത്തും പ്രകൃതി വിഭവങ്ങളും ഈ രാജ്യങ്ങളിലെ ജനങ്ങൾക്ക് തിരികെ നൽകണം' എന്ന വാക്കുകൾ ഒഴിവാക്കുമായിരുന്നു എന്നു പറഞ്ഞു. ഇപ്പോഴത്തെ രൂപീകരണത്തിൽ വളരെ സങ്കീർണ്ണമായ ഒരു ചോദ്യം ഉയർന്നുവന്നിട്ടുണ്ട്. കൊളോണിയൽ, ആശ്രിത രാജ്യങ്ങളിലെ ജനങ്ങൾക്ക് മെട്രോപോളിസ്-ഈ അന്താരാഷ്ട്ര കേന്ദ്ര ങ്ങൾ. ഇതിനകം ഉപയോഗിച്ച വിഭവങ്ങൾ തിരികെ നൽകുന്നത് അസാധ്യമാണ് എന്ന കാരണത്താൽ മാത്രം ഈ പ്രശ്നത്തിന് പൂർണ്ണമായ പരിഹാരം സാധ്യമല്ല. സഖാവ് പോളിറ്റിന്റെ  പോക്കറ്റ് നിറയെ പണമുണ്ടെങ്കിൽ, ബ്രിട്ടീഷ് സാമ്രാജ്യത്വം ചൂഷണം ചെയ്ത രാജ്യങ്ങൾക്ക് നഷ്ടപരിഹാരം നൽകാം. എന്നിരുന്നാലും, സഖാവ് സ്റ്റാലിൻ അദ്ദേഹത്തിന് ഈ കാര്യത്തിൽ സംശയമുണ്ട്.

സഖാവ് സ്റ്റാലിൻ പറഞ്ഞത് തികച്ചും ശരിയാണെന്ന് പോളിറ്റ് ഉത്തരം നൽകുന്നു. തീർച്ചയായും, പ്രോഗ്രാമിൽ നിർദ്ദേശിച്ചിട്ടുള്ള ദൗത്യം തൃപ്തിപ്പെടുത്താൻ ജനങ്ങളുടെ സർക്കാരിന് മതിയായ വിഭവങ്ങൾ ഉണ്ടായിരിക്കില്ല. മുകളിൽ സൂചിപ്പിച്ച ബന്ധപ്പെട്ട നിഗമന ങ്ങൾ പ്രോഗ്രാമിൽ നിന്ന് നീക്കം ചെയ്യണമെന്ന സഖാവ് സ്റ്റാലിന്റെ  നിർദ്ദേശം ശരിയാണെന്ന് അദ്ദേഹം, പോളിറ്റ് കരുതുന്നു.

നേരത്തെ ചർച്ച ചെയ്ത ഖണ്ഡികയിൽ ചർച്ച ചെയ്തതുപോലെ, കൊളോണിയൽ, ആശ്രിത രാജ്യങ്ങളുടെ പ്രദേശങ്ങളിൽ നിന്ന് ഇംഗ്ലീഷ് അഡ്മിനിസ്ട്രേറ്റീവ് ഉദ്യോഗസ്ഥരെ തിരികെ കൊണ്ടുവരുന്നത് സംബന്ധിച്ച രൂപീകരണത്തിൽ ഉദ്ദേശിക്കുന്നകാര്യത്തെക്കുറിച്ച് സഖാവ് സ്റ്റാലിന്റെ അഭിപ്രായം അറിയാൻ പോളിറ്റ് ആഗ്രഹിക്കുന്നു എന്നു പറഞ്ഞു.

15

ഈ പ്രദേശങ്ങളുടെ പരമാധികാരം ആർക്ക് കൈമാറുന്നുവോ അവരെ ഉപയോഗിച്ച് ഇംഗ്ലീഷ് സേവനം വേണോ എന്ന് ജനങ്ങളുടെ സർക്കാരിനോട് സഹായം അഭ്യർത്ഥിക്കും. ഇംഗ്ലീഷ് അഡ്മിനിസ്ട്രേറ്റീവ് ഉദ്യോഗസ്ഥരുടെ മടങ്ങിവരവ് ഈ നിമിഷം ചർച്ച ചെയ്യുന്നത് മൂല്യവത്താണോ എന്ന് തനിക്ക് സംശയമുണ്ടെന്ന് സഖാവ് സ്റ്റാലിൻ പറഞ്ഞു. ഈ പ്രദേശങ്ങളിൽ അവരുടെ സ്വന്തം അഡ്മിനിസ്ട്രേറ്റീവ് ഉദ്യോഗസ്ഥരെ നിയമിക്കാൻ വേണ്ടി ചർച്ച ചെയ്യുന്നതിനായി ജനകീയ സർക്കാർ ഇംഗ്ലീഷ് അഡ്മിനിസ്ട്രേറ്റീവ് ഉദ്യോഗസ്ഥരെ തിരിച്ചുവിളിച്ച് തങ്ങളുടെ ആളുകളെ കൊണ്ടുവരാൻ അമേരിക്കക്കാർ ആഗ്രഹിച്ചേക്കാം. അതുകൊണ്ടാണ് അദ്ദേഹം, സഖാവ് സ്റ്റാലിൻ, ഇംഗ്ലീഷ് ബ്യൂറോക്രാറ്റിക് ഉപകരണത്തിന്റെ തിരിച്ചുവരവിനെ കുറിച്ച് സംസാരിക്കുന്നതാണ് നല്ലതെന്ന് കരുതുന്നത്. എന്നിരുന്നാലും, അവിടെ അപ്രകാരം ീഇംഗ്ലീഷ് അഡ്മിനിസ്ട്രേറ്റീവ് ഉദ്യോഗസ്ഥരുടെ തിരിച്ചുവരവിനെക്കുറിച്ച് സംസാരിക്കരുതെന്നും 'ആൻഡ് ഇംഗ്ലീഷ് അഡ്മിനിസ്ട്രേറ്റീവ് ഉദ്യോഗസ്ഥർ' എന്ന വാക്കുകൾ ഒഴിവാക്കണമെന്നും സഖാവ് പോളിറ്റിനോട് അദ്ദേഹം യോജിക്കുന്നുഎന്നും പറഞ്ഞു..

സഖാവ് സ്റ്റാലിൻ എങ്ങനെയാണ് പ്രോഗ്രാമിന്റെ ഡ്രാഫ്റ്റിനെ മൊത്തത്തിൽ വിലയിരുത്തുന്നതെന്ന് പോളിറ്റ് ചോദിക്കുന്നു. ഡ്രാഫ്റ്റ് നന്നായി തയ്യാറാക്കിയിട്ടുണ്ടെന്ന് സഖാവ് സ്റ്റാലിൻ ഉത്തരം നൽകുന്നു, ഇംഗ്ലണ്ടിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പരിപാടിയുടെ രൂപം ആംഗ്ലോ-സാക്സൺ രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരു വഴിത്തിരിവായി. ഈ പ്രോഗ്രാം അതിന്റെ സാരാംശത്തിൽ യുഎസ്എ, കാനഡ, ഓസ്ട്രേലിയ, മറ്റ് ആംഗ്ലോ-സാക്സൺ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് അനുയോജ്യമായ ഒരു രേഖയാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് യു.എസ്.എ ഇപ്പോൾ ഒരു വിഷമകരമായ അവസ്ഥയിലാണ്; അവർക്ക് വളരെയധികം

ആശയക്കുഴപ്പമുണ്ട്. എന്നിരുന്നാലും, നാം തിരിച്ചറിയണം, സഖാവ് സ്റ്റാലിൻ പറയുന്നു, അമേരിക്കക്കാർ അവരുടെ ജനാധിപത്യത്തിൽ എത്രമാത്രം അഭിമാനിച്ചാലും, രാജവാഴ്ചയുള്ള ഇംഗ്ലണ്ടിൽ യുഎസ്എയേക്കാൾ കൂടുതൽ സ്വാതന്ത്ര്യമുണ്ട്.
അതിനോട് തനിക്ക് പൂർണ യോജിപ്പുണ്ടെന്ന് പോളിറ്റ് പറയുന്നു.

പ്രോഗ്രാം എപ്പോൾ പാസാക്കുമെന്നും പ്രസിദ്ധീകരിക്കുമെന്നും സഖാവ് സ്റ്റാലിൻ ചോദിക്കുന്നു.
എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പ്ലീനം ജനുവരി 13-ന് നിശ്ചയിച്ചിട്ടുണ്ടെന്ന് പോളിറ്റ് ഉത്തരം നൽകുന്നു.
പരിപാടി ചർച്ച ചെയ്യുകയും അംഗീകരിക്കുകയും വേണം.
അങ്ങനെ ജനുവരി അവസാനത്തോടെ പ്രോഗ്രാം പ്രസിദ്ധീകരിക്കും.
പ്രോഗ്രാം കഴിയുന്നത്ര വലിയ അളവിൽ പ്രസിദ്ധീകരിക്കുകയും യുഎസ്എ, കാനഡ, ഓസ്ട്രേലിയ, മറ്റ് ആംഗ്ലോ-സാക്സൺ രാജ്യങ്ങൾ എന്നിവിടങ്ങളിലേക്ക് അയയ്ക്കുകയും ചെയ്യണമെന്ന് സഖാവ് സ്റ്റാലിൻ പറയുന്നു. പരിപാടിയുടെ പ്രസിദ്ധീകരണത്തിന് സഹായം ആവശ്യമാണെങ്കിൽ, ഞങ്ങൾ സഹായിക്കാമെന്ന് സഖാവ് സ്റ്റാലിൻ പറയുന്നു.
പ്രോഗ്രാമിന്റെ കരട് കാനഡയിലെ ടിം ബക്കിന് അയച്ചുകൊടുക്കാനുള്ള ഉത്തരവാദിത്തം താൻ ഏറ്റെടുത്തതായി പോളിറ്റ് പറയുന്നു.
ഡ്രാഫ്റ്റിലെ പ്രധാന ഭേദഗതികൾ താൻ പോളിറ്റിന് മുന്നിൽ വെച്ചിട്ടുണ്ടെന്ന് സഖാവ് സ്റ്റാലിൻ പറഞ്ഞു. പ്രാധാന്യമില്ലാത്ത മറ്റ് ഭേദഗതികളുണ്ട്. ഇവയെല്ലാം ഡ്രാഫ്റ്റിന്റെ വാചകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, അവ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യും, നാളെ രാവിലെ ഇവ പോളിറ്റിന് കൈമാറും എന്നും പറഞ്ഞു.

സഹായത്തിന് സഖാവ് സ്റ്റാലിന് പോളിറ്റ് നന്ദി പറയുന്നു. സഖാവ് സ്റ്റാലിൻ ഉത്തരം നൽകുന്നു: 'ഇത് ഞങ്ങളുടെ കടമയാണ്'.
വി പാവ്‌ലോവ് രേഖപ്പെടുത്തിയത്.
RGASPI, Fond 558, Opis 11, Delo 289, Listy 1-9.
റഷ്യൻ സ്റ്റേറ്റ് ആർക്കൈവ് ഓഫ് സോഷ്യൽ ആൻഡ് പൊളിറ്റിക്കൽ ഹിസ്റ്ററിയുടെ അധികാരികളുടെ അനുമതിയോടെ പ്രസിദ്ധീകരിച്ചു.

ജവീദ് അഷ്റഫ് റഷ്യൻ ഭാഷയിൽ നിന്ന് വിവർത്തനം ചെയ്തത്.
ഈ വിവർത്തനം നടത്തിയത് © റെവല്യൂഷണറി ഡെമോക്രസി.

മലയാള പരിഭാഷ നാരായണൻ പോറ്റി

*(Malayalam Translation: Narayanan Potti)*